MTTP–002

# मलयालम–हिंदी अनुवाद में स्नातकोत्तर सर्टिफिकेट कार्यक्रम (पी.जी.सी.एम.एच.टी.)

## अनुवाद परियोजना

(जनवरी 2018 और जुलाई 2018 सत्रों में प्रवेश लेने वाले विद्यार्थियों के लिए)

इग्नू
जन-जन का विश्वविद्यालय

अनुवाद अध्ययन और प्रशिक्षण विद्यापीठ
इंदिरा गांधी राष्ट्रीय मुक्त विश्वविद्यालय
मैदानगढ़ी, नई दिल्ली–110 068

# अनुवाद परियोजना
## (एम.टी.टी.पी.-002)

**(जनवरी 2018 और जुलाई 2018 सत्रों में प्रवेश लेने वाले विद्यार्थियों के लिए)**

कार्यक्रम कोड : पी.जी.सी.एम.एच.टी.

जैसा कि आपको बताया जा चुका है कि 'मलयालम–हिंदी अनुवाद में स्नातकोत्तर सर्टिफिकेट कार्यक्रम' (पी.जी.सी.एम.एच.टी.) को पूरा करने के लिए आपको चार–चार क्रेडिट के चार पाठ्यक्रम करने होंगे। इस स्नातकोत्तर सर्टिफिकेट कार्यक्रम का चौथा पाठ्यक्रम (एम.टी.टी.पी.–002) 'अनुवाद परियोजना' का है। इस परियोजना के अंतर्गत आपको दी गई सामग्री का अनुवाद करना है। अनुवाद के लिए सामग्री संलग्न है। इसका अनुवाद करके आपको मूल्यांकन के लिए प्रस्तुत करना है। ध्यान रहे कि यह 'अनुवाद परियोजना' एक स्वतंत्र पाठ्यक्रम के समकक्ष है। इसमें उत्तीर्ण होना आवश्यक है।

## परियोजना करने का तरीका

प्रस्तुत सामग्री को ध्यानपूर्वक पढ़ें। इससे आप समझ जाएँगे कि यह किस विषय से संबंधित है और इसमें प्रमुखतया क्या कहा गया है। इसके बाद आप इस सामग्री में से वे शब्द और मुहावरे आदि छाँटिए जिनका अर्थ अथवा जिनके हिंदी पर्याय आपको पता नहीं हैं। इन शब्दों को एक कागज़ पर नोट कर लीजिए। ध्यान दीजिए कि अनूद्य सामग्री के अनुवाद करते समय आपको कौन–कौन से कोश देखने की जरूरत है। विषय के अनुरूप समुचित कोशों में से उन शब्दों के पर्याय नोट कर लीजिए।

अब अनूद्य सामग्री को एक बार पुनः पढ़िए। गौर कीजिए कि अब की बार यह आपको ज्यादा अच्छी तरह समझ आती है कि नहीं। यदि कोई अंश समझ में न आ रहा हो तो उसे फिर से पढ़िए और पता लगाइए कि कठिनाई कहाँ है – शब्दों का अर्थ समझने में अथवा वाक्य–विन्यास को समझने में। यदि कोई वाक्य न समझ आ रहा हो तो उसे दूसरी बार, तीसरी बार पढ़िए।

इस सामग्री में प्रयुक्त संक्षिप्तियों पर ध्यान दीजिए। उनके पूर्ण रूप क्या हैं, जानने की कोशिश कीजिए। अधिकांश संक्षिप्तियों के पूर्ण रूप आपको इस सामग्री में ही मिल जाएँगे।

इस तरह अनूद्य सामग्री का अर्थ भली–भाँति समझ लेने के पश्चात उसका अनुवाद आरंभ कीजिए। अनुवाद करते समय भी शब्दकोश का भरपूर उपयोग कीजिए। जिन शब्दों के अर्थ आपको पता हैं उनके लिए भी शब्दकोश देखिए ताकि विषय और संदर्भ के अनुकूल पर्यायों का चयन कर सकें। वाक्य–विन्यास लक्ष्य भाषा (अर्थात् हिंदी/मलयालम) की प्रकृति के अनुसार कीजिए। यानी आपका बनाया वाक्य ऐसा लगे कि आप अनुवाद नहीं कर रहे बल्कि उस भाषा में मूल रूप में लिख रहे हैं। ऐसा तभी होगा जब आपकी वाक्य–रचना स्रोत में कही गई बात का अनुकरण न होकर लक्ष्य भाषा की कथन–शैली के अनुरूप और सहज होगी।

एक पैराग्राफ अथवा एक पृष्ठ का अनुवाद करने के बाद अपने अनुवाद को मूल सामग्री से मिलाइए और देखिए कि आपके अनुवाद का वही अर्थ निकल रहा है जो मूल कथन में कहा गया है। यदि अंतर दिखाई दे तो अपने अनुवाद में सुधार कीजिए। पूरी तरह आश्वस्त होने के बाद अनुवाद को आगे बढ़ाइए। अगले पैराग्राफ/पृष्ठ के अनुवाद के बाद फिर यही जाँच–प्रक्रिया दोहराइए और अनुवाद करते जाइए।

अनुवाद पूरा करने के पश्चात उसे एक बार फिर मूल सामग्री से मिलाइए और जाँच कीजिए कि आपका अनुवाद और मूल सामग्री समान अर्थ प्रकट करते हैं। यह भी जाँच कीजिए कि कहीं कोई पैराग्राफ, वाक्य अथवा वाक्यांश अनुवाद होने से छूट तो नहीं गया है। तत्पश्चात अनूदित सामग्री को साफ–साफ लिखकर हस्तलिखित रूप में लिखिए अथवा टंकण की व्यवस्था कीजिए।

## अनुवाद परियोजना की प्रस्तुति

- अनुवाद परियोजना फुलस्केप आकार के कागज पर पर्याप्त हाशिया छोड़ते हुए एक तरफ टंकित कराके और बाइंडिंग कराके प्रस्तुत करें।

- अनूदित परियोजना के आरंभिक पृष्ठ पर आपके इस कार्यक्रम का शीर्षक, पाठ्यक्रम कोड और शीर्षक, नामांकन संख्या, नाम, पता, अध्ययन केंद्र का कोड लिखा होना चाहिए और अंत में आपके हस्ताक्षर एवं प्रस्तुति की तिथि का उल्लेख होना चाहिए। इस तरह, आपकी 'अनुवाद परियोजना' का आरंभिक पृष्ठ इस प्रकार होगा :

---

| | |
|---|---|
| कार्यक्रम का शीर्षक : | मलयालम–हिंदी अनुवाद में स्नातकोत्तर सर्टिफिकेट (पी.जी.सी.एम.एच.टी.) |
| पाठ्यक्रम कोड : | एम.टी.टी.पी.–002 |
| पाठ्यक्रम का शीर्षक : | अनुवाद परियोजना |
| सत्रीय कार्य कोड : | ........................................ |
| अध्ययन केंद्र का नाम: | ........................................ |
| नामांकन संख्या : | ........................................ |
| नाम : | ........................................ |
| पता : | ........................................ |
| | ........................................ |
| हस्ताक्षर : | ........................................ |
| तिथि : | ........................................ |

---

- अनुवाद परियोजना के साथ एक प्रमाण–पत्र भी लगाएँ जिसमें आपके अपने हस्ताक्षर सहित यह प्रमाणित किया गया हो कि आपने यह अनुवाद–कार्य स्वयं किया है और इसके लिए किसी व्यक्ति की सहायता नहीं ली गई है।

- अनुवाद परियोजना विश्वविद्यालय में निम्नलिखित पते पर व्यक्तिगत रूप से अथवा पंजीकृत डाक द्वारा भेजें :

  कुलसचिव<br>
  विद्यार्थी मूल्यांकन प्रभाग (SED)<br>
  इंदिरा गांधी राष्ट्रीय मुक्त विश्वविद्यालय<br>
  मैदान गढ़ी, नई दिल्ली–110068

### अनुवाद परियोजना प्रस्तुत करने की अंतिम तिथि

जनवरी 2018 में प्रवेश लेने वाले विद्यार्थियों के लिए : **31 मई, 2018**<br>
जुलाई 2018 में प्रवेश लेने वाले विद्यार्थियों के लिए : **30 नवंबर, 2018**

अंतिम तिथि के बाद भेजी गई परियोजना का मूल्यांकन विलंब से होगा और आप इस अध्ययन कार्यक्रम को देर से पूरा कर सकेंगे।

**कृपया ध्यान दें :**

प्रस्तुत की गई अनुवाद परियोजना की एक प्रति (फोटोकॉपी) अपने पास अवश्य रख लें।

**शुभकामनाओं सहित।**

## 1. കൃഷിക്കാരൻ

ആ അമ്പതു പറ നിലം ദൂരെ വൈക്കത്തുള്ള ഒരാളിന്റെ വകയാണ്. കഴിഞ്ഞ നാൽപ്പതു കൊല്ലമായി കേശവൻ നായരാണ് അതു കൃഷിചെയ്തുപോരുന്നത്. അതിനുമുമ്പ് കേശവൻ നായരുടെ അമ്മാവനായിരുന്നു.

കുറഞ്ഞ പാട്ടമായിരുന്നു പണ്ടു. ഇപ്പോൾ സ്വൽപ്പം കൂടിയിട്ടുണ്ട്. എല്ലാ മീനമാസത്തിലും പാട്ടനെല്ല് ഉണക്കി ചാക്കിൽക്കെട്ടി വൈക്കത്തു കൊണ്ടുപോയി കൊടുക്കണം. അങ്ങനെ ഈ കഴിഞ്ഞ കൊല്ലങ്ങളിലെല്ലാം നടന്നുവരുകയാണ്. അമ്പതിന്റെ നാലുവശത്തുമുള്ള നിലങ്ങളുടെ ഉടമസ്ഥാവകാശവും കൈവശാവകാശവും ഈ കാലഘട്ടത്തിനിടയ്ക്ക് പലകൈ മറിഞ്ഞു. അമ്പതിന്റെ ജന്മിയും കൃഷിക്കാരനും പഴയ ആളുതന്നെ. ജന്മിക്കാണെങ്കിൽ നെല്ലുകിട്ടാനുള്ളതായി ഇതേയുള്ളൂ. പാട്ടക്കാരൻ പാരമ്പര്യമായി ഒരു കൃഷിക്കാരനാണ്. അയാൾക്കും ഇത്രയുമേയുള്ളൂ കൈവശഭൂമി.

എട്ടുപത്തു കൊല്ലം മുമ്പ്, ചങ്ങനാശ്ശേരിയിൽ നിന്നും തിരുവല്ലയിൽ നിന്നും വലിയ പണക്കാർ അവിടെ കൃഷിക്കു വന്നു. ഒരുപാടശേഖരമടച്ചും മറ്റും അവർ പാട്ടത്തിനേറ്റു കൃഷിചെയ്തു. ട്രാക്റ്റർ കൊണ്ടു താഴ്ത്തിഴുതും പുതിയ വളങ്ങളുപയോഗിച്ചു കൊണ്ടും നല്ല വിളവുണ്ടാക്കി. അവർക്കു പെരുത്ത ലാഭവുമുണ്ടായി. ഇപ്പോഴും അങ്ങനെതന്നെ കൃഷി നടന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെ ഒരു വ്യവസായി കൃഷി ചെയ്യുന്ന പാടത്തിന്റെ നടുക്കാണ് കേശവൻ നായരുടെ അമ്പതു പറ നിലം.

ഔതക്കുട്ടിയെന്ന ആ വൻകൃഷിക്കാരൻ കേശവൻ നായരെ ഒരുദിവസം വരമ്പിൽവച്ചു കണ്ടു. നാലുപാടുമുള്ള നിലത്തിലെ നെല്ലിനെക്കാൾ മോശമാണ് അമ്പതിലെ നെല്ല്. ഔതക്കുട്ടി ഒരു കുശലം ചോദിച്ചു. എന്താ നെല്ലിന് ഒരുഎഴിപ്പും കരുത്തുമില്ലാത്തത്, വളമിട്ടില്ല്യോ?"

ആ ചോദ്യം കേശവൻനായരുടെ കരളിൽ ഒന്നുകൊണ്ടു. അയാളുടെ കൃഷി മോശമെന്ന് അയൽനിലം കൃഷിക്കാരൻ പറയുകയാണ്.

## 2. ടോൾസ്റ്റോയിയുടെ കഥ

അൻപത്... അൻപത്തഞ്ച്... അറുപത്. ആ രൂപം ഒന്നു കണ്ടേണ്ടതാണ്. ടോൾസ്റ്റോയി പ്രഭുവിന്റെ പണ്ടത്തെ എല്ലാ അടയാളങ്ങളും അപ്രത്യക്ഷങ്ങളായി. ഒന്നാന്തരമായി വേഷമണിഞ്ഞ് ഗംഭീരനായി മാത്രം നടക്കാറുണ്ടായിരുന്ന ആ പ്രഭു ഇപ്പോൾ സാധാരണ കൃഷീവലരെപ്പോലെ കുറഞ്ഞ കാൽചട്ടയും ജുബ്ബാപ്പോലത്തെ അയഞ്ഞ പരുക്കൻ ഉടുപ്പും-- റഷ്യയുടെ ദേശീയകുപ്പായം—മാത്രമാണ് ധരിക്കാറ്. ഇടയ്ക്ക് ഒരു തോൽവാറും കെട്ടിയിട്ടുണ്ടാവും. ആ മുഖമോ? വെളുത്തുതുടങ്ങിയ നീണ്ട താടി. അലിവും കരുണയും ഒട്ടൊരു ശോകവും സ്ഫുരിക്കുന്ന കണ്ണുകൾ. അവ നമ്മുടെ ആത്മാവിന്റെ രഹസ്യങ്ങളും വേദനകളും നിഷ്പ്രയാസം മനസ്സിലാക്കുമെന്നു തോന്നിപ്പോവും. വാക്കുകളുടെ പണ്ടത്തെ ആ പാരുഷ്യവും മറഞ്ഞുകഴിഞ്ഞു. ആകെക്കൂടി എല്ലാറ്റിനും ഒരു പതം വന്നിട്ടുണ്ട്. എന്നല്ല, വന്ദ്യനായ ആ വൃദ്ധൻ മനുഷ്യരാശിയുടെ പൊതുദുഃഖത്തിന്റെ അദൃശമായ ഒരു കുരിശ് സ്വയം ചുമക്കുന്നതുപോലെതന്നെ നമുക്ക് അനുഭവപ്പെടും.

ഇങ്ങനെ രൂപത്തിൽ മാത്രമല്ല, ശീലത്തിലും വലിയ മാറ്റങ്ങൾ വന്നിട്ടുണ്ട്.

എന്നും അതിരാവിലെ എഴുന്നേൽക്കും. ദിനകൃത്യങ്ങൾ കഴിച്ചതിനുശേഷം, വീട്ടിലേക്കാവശ്യമായ വെള്ളം മുഴുവൻ കിണറ്റിൽനിന്നു പമ്പുചെയ്തു കയറ്റും എന്നിട്ട് മുറിയെല്ലാം തന്നത്താൻ അടിച്ചുവാരി, രാവിലത്തെ ചായയ്ക്ക് വെള്ളം തിളപ്പിക്കും. ചായഇലകൾ എണ്ണിപ്പെറുക്കിയാണ് ഇടുന്നതെന്നുതോന്നും. കണ്ടമാനം ധൂർത്തടിക്കാൻ പാടില്ല പിന്നെ കാട്ടിൽ പോയി വിറകുവെട്ടും. അല്ലെങ്കിൽ വയലിൽ ഇറങ്ങി വേലചെയ്യും. ദിവസം കുറഞ്ഞത് എട്ടുമണിക്കൂർ അങ്ങനെ അപ്പത്തിനുവേണ്ടി പണിയെടുക്കും. അതാ നോക്കൂ—കണ്ണെത്തുവോളം പരന്നുകിടക്കുന്ന വയലിൽ, പണിയാളരുടെ ഇടയിൽനിന്നുകൊണ്ട്, വളഞ്ഞ അരിവാൾ അദ്ദേഹം ആഞ്ഞാഞ്ഞുവീശുന്നു.

## 3 हृदयाघात का कारण

ബസ്സു കാത്തുനിന്നയാൾ കുഴഞ്ഞുവീണു മരിച്ചു; ഡ്രൈവർ കുഴഞ്ഞുവീണു മരിച്ചു, എന്നിങ്ങനെയുള്ള മരണവർത്തമാനങ്ങൾ ഈയിടെയായി പത്രങ്ങളിൽ നിത്യേന കാണാറുണ്ട്. എന്താണീ കുഴഞ്ഞുവീണു മരിക്കൽ? അതിനു കാരണമെന്ത്? ഇങ്ങനെയുള്ള സംശയങ്ങൾ സ്വാഭാവികമായും ഉണ്ടാകാം.

കുഴഞ്ഞുവീഴുന്നതിനു പ്രധാനമായും തലച്ചോറിലേക്കുള്ള രക്തസഞ്ചാരം പെട്ടെന്നു യാതൊരു നോട്ടീസും കൂടാതെ പണിമുടക്കുന്നതാണ് കാരണമെന്ന് മനസ്സിലാക്കാൻ കഴിയും. അതായത് പ്രധാന വില്ലൻ ഹൃദ്രോഗം തന്നെ! തലച്ചോറിലേക്കു പ്രാണവായുവും പോഷണവും എത്തിക്കുന്ന രക്തസഞ്ചാരം നിൽക്കുന്നതാണ് കുഴഞ്ഞുവീഴാൻ കാരണമെന്നു പറഞ്ഞുവല്ലോ. അതുപോലെ തന്നെ ശരീരം മുഴുവൻ പ്രാണവായുവും അത്യാവശ്യ പോഷകവസ്തുക്കളും എത്തിക്കുന്ന ഹൃദയത്തിന്റെ ഭിത്തികൾക്കും വേണം വേണ്ട രീതിയിലുള്ള രക്തസഞ്ചാരം. ഈ ഹൃദയഭിത്തികളിലെ രക്തസഞ്ചാരം പെട്ടെന്നു നിലച്ചാൽ ഹൃദയം യാതൊരു മുന്നറിയിപ്പും തരാതെ പണിമുടക്കും. അതിനു മൂലകാരണമെന്താണെന്നാലോചിച്ചാൽ മതി ഇനി.

ഏതെങ്കിലും ശരീരാവയവങ്ങൾക്ക് രക്തസഞ്ചാരം വേണ്ടപോലെ ലഭിക്കാതിരിക്കുന്നത് ആ അവയവത്തിന്റെ നാശത്തിന് കാരണമാകും. തലച്ചോറ്, ഹൃദയം തുടങ്ങിയ പ്രധാന അവയവങ്ങൾക്ക് ഏതാനും മിനിട്ടുകൾ പോലും പ്രാണവായുവിന്റെ ലഭ്യത ഒഴിവാക്കാൻ സാധിക്കുകയില്ല.

ശരീരത്തിന് പോഷണത്തെ ചെയ്യുന്നതും ഗുണകരവുമായ ആഹാരങ്ങളും ആചാരങ്ങളും തന്നെ വേണ്ടതിലധികമാകുന്നതോ ക്രമം തെറ്റുന്നതോ കുറയുന്നതോ ശരീരത്തിന് ഹാനികരമായിത്തീരുന്നു. ചുരുക്കത്തിൽ ഗുണഫലം ചെയ്യുന്നവതന്നെ അവയുടെ തെറ്റായ ഉപയോഗക്രമത്താൽ ശരീരത്തിന് ദോഷകരമായിത്തീരുന്നു. ഇത് അടിസ്ഥാനപരമായൊരു ആരോഗ്യസിദ്ധാന്തമാണ്.

നമ്മൾ കഴിക്കുന്ന ആഹാരസാധനങ്ങൾ വേണ്ടതുപോലെ ദഹിച്ച് രസധാതുവായിത്തീരുന്നു. ശരിയായ രീതിയിൽ ഉത്പാദിപ്പിക്കപ്പെട്ട രസധാതുവിൽ നിന്നു രക്തധാതുവും രക്തത്തിൽ നിന്നു മാംസധാതുവും ഉല്പാദിപ്പിക്കപ്പെടുന്നു. മേദസ്സ്, അസ്ഥി തുടങ്ങിയ ഇപ്രകാരമുള്ള 7 ധാതുക്കളാലാണ് ശരീരം നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ഈ ധാതുക്കൾക്ക് വരുന്ന പോരായ്മകൾ, കേടുപാടുകൾ എന്നിവ പലവിധരോഗങ്ങൾക്കും കാരണമാകുന്നു.

## 4. केरलीयता

എന്താണ് കേരളീയത എന്നത് സാമൂഹ്യപ്രവർത്തകൻ എന്ന നിലയിലും കലാകാരനെന്ന നിലയിലും എന്നെ നിരന്തരമായി അലട്ടിയിട്ടുള്ള ഒരു പ്രശ്നമാണ്. ആദ്യം മനസ്സിൽ വരുന്ന കേരളീയതയുടെ അംശം ഒരുപക്ഷേ, നമ്മുടെ ഭാഷതന്നെയാണ്. നമ്മുടെ ഭാഷയ്ക്ക് എത്ര പഴക്കമുണ്ടെന്ന് നമുക്ക് അവകാശപ്പെടാൻ വയ്യ. ഏതായാലും ആധുനികം എന്നുപറയുന്ന മലയാളഭാഷയ്ക്ക് 500 ലധികം വർഷത്തെ പഴക്കമില്ല എന്നു നമുക്കറിയാം. പക്ഷേ, 500 വർഷം കുറഞ്ഞ ഒരു കാലയളവല്ല. കാരണം ആധുനിക ആംഗലേയഭാഷയ്ക്ക് അതിൽ കുറച്ചേ വയസ്സുള്ളൂ. അപ്പോൾ ഇംഗ്ലീഷിനോളം പ്രായമുള്ള ഒരു ഭാഷയാണ് നമ്മുടെ കൊച്ചുമലയാളഭാഷ. അത്ര മോശപ്പെട്ട കാര്യമൊന്നുമല്ല. പക്ഷേ, എത്രമാത്രം പരിശുദ്ധി ആ ഭാഷയ്ക്ക് അവകാശപ്പെടാം എന്നുള്ള കാര്യത്തിൽ സന്ദേഹങ്ങളുണ്ട്. മണിപ്രവാളകാലം. അതിനുമുമ്പ് നമ്മുടെ പ്രധാനപ്പെട്ട എഴുത്തുകാരെല്ലാം തമിഴിൽ എഴുതിയിരുന്ന ഒരു ഘട്ടം, അതിനും മുമ്പ് ഒരുപക്ഷേ, നമ്മുടെ പ്രധാനപ്പെട്ട എഴുത്തുകാർ, പ്രത്യേകിച്ചും കൂടിയാട്ടം കഥകളുടെയും നാടകങ്ങളുടെയും കർത്താക്കൾ കേരളത്തിലുണ്ടായിരുന്നു എന്നതിൽനിന്ന് സംസ്കൃതത്തിൽ വ്യുൽപ്പത്തി നേടിയിരുന്ന ഗ്രന്ഥകാരന്മാർ നമ്മുടെ കേരളക്കരയിൽ ജീവിച്ചിരുന്നു എന്നതിന് തെളിവുണ്ട്.

ഈ ഭാഷകളെല്ലാം നൂറ്റാണ്ടുകളിലൂടെ, ധാരാളം സംഭാവന ചെയ്തിരുന്നു. വെറും സംസാരഭാഷ മാത്രമായിരുന്ന ഒരു ഭാഷ കുറേശ്ശെ ഉരുത്തിരിഞ്ഞ് ശരിക്കും ഉരുണ്ട്, വകതിരിഞ്ഞ് ഉണ്ടായ ഒരു ഭാഷയാണ് മലയാളം.

ഏതാണ്ട് അതേ വേഗത്തിൽതന്നെ നമ്മുടെ ഭാഷയിൽ വീണ്ടും കൂട്ടലുകളും കുറയ്ക്കലുകളും നടത്തിയ അനുഭവവുമുണ്ട്. ഏറ്റവും വികൃതമായി നമ്മൾ ചെയ്ത മാറ്റം, നമ്മുടെ പരിഷ്കാരത്തിന്റെയൊരു ഘട്ടത്തിൽ മലയാള അക്കങ്ങളെ മാറ്റിയതാണ്. എന്നിട്ട് റോമൻ അക്കങ്ങൾ സ്വീകരിച്ചു.

### നോക്കുകുത്തികൾ

ശരിക്കും മൂത്തുനിൽക്കുന്ന ഒരു വയലിൽ അവിടവിടെ നോക്കുകുത്തികൾ നിൽക്കുന്നതുപോലെയാണ് ഈ അക്കങ്ങൾ മലയാള അക്ഷരങ്ങൾക്കിടയിൽ നിൽക്കുന്നത്. എന്തുകൊണ്ട് മലയാളികൾ ഈ ചേരാത്ത അക്കങ്ങളെ അവിടവിടെ ഇങ്ങനെ നോക്കുകുത്തികളാക്കി നിർത്തി എന്നത് നമുക്ക് സ്വയം ചോദിക്കാം.

## 5. വീണപൂവ് -ഒരു പഠനം

പദ്യസാഹിത്യത്തിലെ പരിവർത്തനോന്മുഖമായ ഒരു നവോത്ഥാനത്തിന്റെ ഗണപതിക്കുറിപ്പായിരുന്നു കുമാരനാശാന്റെ വീണപൂവ്. 1907ൽ ആശാൻ പാലക്കാട്ടു താമസിച്ചിരുന്ന കാലത്താണ് ഈ ലഘുകാവ്യമെഴുതിയത്. കോഴിക്കോട്ടു നിന്ന് അന്നു പുറപ്പെട്ടിരുന്ന മിതവാദി മാസികയിൽ അത് ആദ്യം പ്രസിദ്ധീകൃതമായി. സുപ്രസിദ്ധ സാഹിത്യകാരനായ സുബ്രഹ്മണ്യൻ പോറ്റി അതു പകർത്തിയെടുത്ത് കോട്ടയത്തുനിന്നു പുറപ്പെട്ടിരുന്ന ഭാഷാപോഷിണി മാസികയ്ക്ക് അയച്ചുകൊടുത്തു. വീണപൂവ് പ്രചുരപ്രചാരമുള്ള ഒരു മാസികയിൽ വീണ്ടും പ്രസിദ്ധീകൃതമയി. മേഘജ്യോതിസ്സുപോലെ ക്ഷണികമായിരുന്നു ആശാന്റെ സാഹിത്യജീവിതം. വീണപൂവിന്റെ രചനയ്ക്കുശേഷം പതിനാറു കാല്ലമേ അദ്ദേഹം ജീവിച്ചിരുന്നുള്ളു. ഇതിനിടയിൽ നളിനി, ലീല, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ, പ്രരോദനം, ചിന്താവിഷ്ടയായ സീത എന്നീ വിശിഷ്ടകാവ്യങ്ങളും ആ അനുഗൃഹീത തൂലികയിൽനിന്നു കൈരളിക്കു ലഭിച്ചു. വീണപൂവ് ആശാന്റെ കാവ്യമാർഗത്തിലെതന്നെ ഒരു വഴിത്തിരിവായിരുന്നു.

ഷെല്ലി, കീറ്റ്സ് മുതലായ ആംഗ്ലേയ കവികളുടെ റൊമാന്റിക് കാവ്യസങ്കല്പങ്ങളുടെ സവിശേഷതകൾ ഈ കവിതയിലും പ്രതിഫലിക്കുന്നുണ്ടെന്ന് നിരൂപകന്മാർ പറയുന്നു. സംസ്കൃതപാണ്ഡിത്യം മാത്രമായിരുന്നില്ല ആശാന്റെ കവിത്വത്തിനു പോഷണം നൽകിയത് ശ്രീനാരായണഗുരുവിന്റെ ശിഷ്യത്വം കൊണ്ടുണ്ടായ വേദാന്തശീലവും കൽക്കട്ടയിലെ വിദ്യാഭ്യാസജീവിതത്തിനിടയിൽ സ്വായത്തമാക്കിയ പാശ്ചാത്യസാഹത്യ പരിചയവും അക്കാലത്ത് ബംഗാളിൽ അങ്കുരിതമായ നവോത്ഥാനത്തോടുള്ള ആഭിമുഖ്യവും കുമാരനാശാന്റെ വ്യക്തിത്വത്തെ വികസിപ്പിച്ചു.

വീണപൂവിൽ ആശാന്റെ ജീവിതദർശനം വിഷാദച്ഛായ കലർന്നതാണെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. എന്നാൽ ജീവിതത്തിലെ ലോഭനീയമായ താരുണ്യ ലാവണ്യങ്ങളുടെയും സുഖഭോഗങ്ങളുടെയും അസ്ഥിരതയും അലംഘനീയമായ പതനവും കവി ഇവിടെ എടുത്തു കാണിച്ചിരിക്കുന്നു.

6: सूचना का अधिकार

### വിവരാവകാശ നിയമം-2005

ജനങ്ങൾക്കു പരമാധികാരം ഉള്ള ജനാധിപത്യ സമ്പ്രദായത്തിൽ, സർക്കാരും സർക്കാരാഫീസുകളും മറ്റു പൊതുസ്ഥാപനങ്ങളും ജനങ്ങളുടെ നികുതിപ്പണം കൊണ്ടാണ് പ്രവർത്തിക്കുന്നത് എന്നുള്ളതുകൊണ്ട് അവിടെ ഉണ്ടാകുന്ന എല്ലാ വിവരങ്ങളും ജനങ്ങൾക്കറിയാനുള്ള അവകാശമുണ്ട് എന്ന കാഴ്ചപ്പാടാണ് ഈ നിയമത്തിനു പിറകിലുള്ളത്. ലോകത്തിലുള്ള അറുപത്തിയഞ്ചിൽപരം രാജ്യങ്ങളിൽ ഇതിനകം തന്നെ പ്രാവർത്തികമാക്കിയ സമാനനിയമങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യയ്ക്കകത്തും സാമൂഹ്യപ്രസ്ഥാനങ്ങളും മനുഷ്യാവകാശ സംഘടനകളും ഒക്കെ നടത്തിയ സാമൂഹ്യസമ്മർദ്ദത്തിന്റെ ഫലമായാണ് ഈ നിയമം നിർമ്മിക്കപ്പെട്ടത്. ഇതിന്റെ ആദ്യപടിയായി 2002 ൽ നിർമിച്ച നിയമം 'വിവര സ്വാതന്ത്ര്യനിയമം' ആയിരുന്നു. വിവരം ജനങ്ങളുടെ അവകാശമാണെന്ന് അംഗീകരിക്കാനുള്ള ഭരണാധികാരികളുടെ വിമുഖതയായിരുന്നു അവിടെ ദർശിച്ചത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഭരണരംഗത്ത് വർദ്ധിച്ചുവന്ന അഴിമതിയും കൈക്കൂലിയും സ്വജനപക്ഷപാതവും ചുവപ്പുനാട സമ്പ്രദായവും എല്ലാം ദരിദ്രനാരായണന്മാർക്ക് നീതി നിഷേധിക്കുന്നതിനിടയാക്കി. ധനവും സാമൂഹ്യപദവിയും ഉള്ളവനുമാത്രം നീതി എന്ന നിലയിലേക്കു മാറി. ഇതിനെല്ലാം സഹായകരമായത് ഭരണരംഗത്തിലെ നിഗൂഢതയാണെന്നു മനസ്സിലാക്കിക്കൊണ്ടാണ് ഭരണം സുതാര്യമാക്കുന്നതിന് ഇത്തരം ഒരു നിയമം അത്യാവശ്യമാണെന്ന് വാദം ഉന്നയിച്ചുകൊണ്ട് വിവിധ സംഘടനകൾ മുന്നോട്ടു വന്നത്. അങ്ങനെ 2005 ഒക്ടോബർ 12-ാം തീയതി ജമ്മുകാശ്മീർ ഒഴികെ ഇന്ത്യയിൽ എല്ലായിടത്തും നിയമം പ്രാബല്യത്തിൽ വന്നു.

## 7. ഓൺലൈൻ ഡയറി

കൂട്ടുകാർ ഡയറിക്കുറിപ്പുകളെഴുതാറില്ലേ, മിക്കവാറും വ്യക്തിപരമായ കാര്യങ്ങളാവും ഇത്തരം കുറിപ്പുകളുടെ ഉള്ളടക്കം. ഇതുപോലത്തെ വ്യക്തിഗത കുറിപ്പുകളാണ് ഓൺലൈൻ ഡയറിയിലും ഉണ്ടാവുക. ചിലവിത്യാസങ്ങൾ മാത്രം ഇതെഴുതുന്നത് കടലാസിലല്ല, കമ്പ്യൂട്ടറിലാണ്. ഡയറിയെഴുതി അലമാരിയിലോ ബാഗിനുള്ളിലോ സ്വകാര്യമായി കൊണ്ടുനടക്കുമ്പോൾ ഓൺലൈൻ ഡയറികൾ വേൾഡ് വൈഡ് വെബ്ബിലെ (WWW) എതെങ്കിലും പേഴ്സണൽ വെബ്സൈറ്റിൽ വായിക്കാം. ഓൺലൈൻ ജേണൽ എന്നും ഈ ഡയറികൾക്ക് പേരുണ്ട്.

1994 ലാണ് ഓൺലൈൻ ഡയറിയെഴുത്ത് എന്ന സമ്പ്രദായം തുടങ്ങിയത്. ഐടി കമ്പനിയായ ഐബിഎമ്മിന്റെ ഗവേഷണവിഭാഗത്തിലെ ശാസ്ത്രജ്ഞൻക്ലോഡിയോ പിൻഹാനെസിനെയാണ് ഓൺലൈൻ ഡയറിയെഴുത്തിന്റെ തുടക്കക്കാരനായി കണക്കാക്കുന്നത്. 'ഓപ്പൺ ഡയറി' എന്നാണ് അദ്ദേഹത്തിന്റെ ഡയറിയുടെ പേര് www. geocities.com /pinhanez/open_diary.htm എന്ന വെബ്സൈറ്റിൽ കയറിയാൽ ഈ ഡയറി വായിക്കാം.

### ബ്ലോഗ്

ഓൺലൈൻ ഡയറിയുടെ പരിഷ്കരിച്ച രൂപമാണ് ബ്ലോഗ്. വെബ്ലോഗ് (വെബ്ലോഗ്) എന്നതിന്റെ ചുരുക്കപ്പേരാണ് ബ്ലോഗ് എന്ന് പലർക്കും അറിയാമായിരിക്കും.

ബ്ലോഗിലെ ഉള്ളടക്കം ഇന്നതായിരിക്കണമെന്ന് വ്യവസ്ഥയൊന്നുമില്ല. വാർത്തകൾ, രാഷ്ട്രീയം, ശാസ്ത്രം, സാഹിത്യം എന്നിങ്ങനെ ഏതു വിഷയത്തെക്കുറിച്ചും എത്ര വേണമെങ്കിലും ബ്ലോഗിയിലെഴുതാം.

നമ്മൾ എഴുതുന്നത് പ്രസിദ്ധീകരിക്കാൻ പ്രസാധകനെ തേടിനടക്കേണ്ട, വയനക്കാരന് നമ്മുടെ എഴുത്തിനെ പറ്റിയുള്ള അഭിപ്രായം അപ്പപ്പോൾ ബ്ലോഗിലെ നിശ്ചിത സ്ഥലത്ത് രേഖപ്പെടുത്താം എന്നിവയൊക്കെയാണ് പുസ്തകങ്ങളിൽ നിന്ന് ബ്ലോഗിനെവ്യത്യസ്തമാക്കുന്നത്. www.blogger.com എന്ന വെബ്സൈറ്റിൽ ചെന്നാൽനിങ്ങൾക്കും സൗജന്യമായി സ്വന്തം ബ്ലോഗുണ്ടാക്കാം.

## 8. മെക്സിക്കൻ ഉപന്യാസകൻ

പ്രതിഭാശാലിയായ ഒരു സാഹിത്യകാരന് ഒരിക്കലേ അയാളുടെ അനുഭവങ്ങൾക്ക് സാഹിത്യരൂപം കൊടുക്കാൻ കഴിയുകയുള്ളൂ. അയാളുടെ മനസ്സും ബുദ്ധിയും ചില സംസ്കാരങ്ങളും ചേർന്ന് നിർമ്മിച്ചെടുക്കുന്നതായിരിക്കും സാഹിത്യരൂപം. അങ്ങനെയല്ലാതെ മറ്റൊരു രൂപവും സൃഷ്ടിക്കാൻ അയാൾക്ക് സാധിക്കുകയുമില്ല. മെക്സിക്കൻ സാഹിത്യകാരനായ ഹ്വാൻ റൂൾഫോയുടെ 'പെഡ്രോ പരാമോ' എന്ന പ്രശസ്ത നോവലാണ് ഇതിന് ഏറ്റവും മികച്ച ദൃഷ്ടാന്തം.

തന്റെ നോവലിന്റെ സവിശേഷതകളിൽ തന്നെ ബോധവാനായിരുന്നു റൂൾഫോ. മെക്സിക്കോയിലെ ഇറ്റാലിയൻ എംബസിയിൽ നടന്ന ഒരു വിരുന്നിനിടയിൽ ഇറ്റാലിയൻ സാഹിത്യകാരനായ ആൽബെർട്ടോ മൊറാവിയ റൂൾഫോയോടു ചോദിച്ചു. 'സെന്യോർ റൂൾഫോ, സർക്കാരു എന്താണ് അവസരമില്ലാതായി. എന്നിട്ടും നിങ്ങൾ ഇതുവരെ വാ ...ന്നില്ലല്ലോ.' ഉടനെ വന്നു ശാന്തപ്രകൃതമായ മറുപടി. 'നിങ്ങൾക്കറിയാമോ, അവിടെ കൊമാലയിൽ ഈ സന്ദർഭത്തിൽ കുതിരയുടെ ശവങ്ങൾ കുഴിച്ചുമൂടുകയാണ്.'

'പെഡ്രോ പരാമോ'യിലെ സാങ്കല്പിക ഗ്രാമമാണ് 'കൊമാല.' റൂൾഫോയുടെ ജന്മദേശത്തിന്റെ ശരിയായുള്ള പ്രതിഫലനം. വരണ്ടുണങ്ങിയ പ്രകൃതിയും മനുഷ്യജീവിതത്തിന്റെ ദുരിതങ്ങളും ഇതേപോലെ ഗ്രസിച്ചുകൊണ്ടിരുന്നു. ആർദ്രത ആ വിങ്ങുന്ന അന്തരീക്ഷത്തിൽ എത്തിപ്പിടിക്കാനാവാത്ത ഏതോ സ്വപ്നമായിരുന്നു. തീച്ചൂളപോലെ നീറുന്ന ഗ്രാമങ്ങളിൽ മനുഷ്യൻ പ്രേതങ്ങളെപ്പോലെ ജീവിച്ചു. കാലം ഇവിടെ ഒരു കടങ്കഥയായിത്തീരുന്നു. അതുകൊണ്ടുതന്നെയാണ് സ്ഥല-കാലങ്ങളുടെ പരിമിതികൾക്കു വിധേയമല്ലാത്ത മരിച്ച വ്യക്തികളെ നോവലിസ്റ്റ് കഥാപാത്രങ്ങളാക്കുന്നത്.

'പെഡ്രോ പരാമോ' എന്ന നോവലിന്റെ തുടക്കം ഇങ്ങനെയാണ്. "എന്റെ അച്ഛൻ, ഏതോ ഒരു പെഡ്രോ പരാമോ ഇവിടെയാണ് താമസമെന്ന് അറിഞ്ഞതുകൊണ്ടാണ് ഞാൻ ഇങ്ങോട്ടുപോന്നത്."

മരണത്തിന്റെ സജീവസാന്നിധ്യമാണ് ഈ നോവലിന്റെ ഏറ്റവും വലിയ സവിശേഷത. പ്രിയപ്പെട്ടവരുടെ നിരന്തര മരണങ്ങളുടെ അസ്വാസ്ഥ്യം ഹ്വാൻ റൂൾഫോയുടെ മനസ്സിൽ തളംകെട്ടി കിടന്നിരിക്കണം. അതുകൊണ്ടാവണം മരിച്ച മനുഷ്യരെ ഉയിർത്തെഴുന്നേല്പിക്കുവാൻ ഈ 'മാസ്റ്റർപീസി'ലൂടെ അദ്ദേഹം ശ്രമിച്ചത്.

൧. കവിതകൾ

*ജ്ഞാനപ്പാന*

സമ്മാനമാനങ്ങൾ ചൊല്ലിക്കലഹിച്ച്
നാണം കെട്ടു നടക്കുന്നിതു ചിലർ

കോലകങ്ങളിൽ സേവകരായിട്ടു
കോലം കെട്ടി ഞെളിയുന്നിതു ചിലർ

അമ്മയ്ക്കും പുനരച്ഛനും ഭാര്യക്കും
ഉണ്മാൻപോലും കൊടുക്കുന്നില്ല ചിലർ

വിദ്യകൊണ്ടറിയേണ്ടതറിയാതെ
വിദ്വാനെന്നു നടിക്കുന്നിതു ചിലർ

കുങ്കുമത്തിന്റെ വാസമറിയാതെ
കുങ്കുമം ചുമക്കും പോലെ ഗർദഭം

*പൂന്താനം*

*സൂര്യകാന്തി*

സ്നേഹത്തിൽ നിന്നില്ലല്ലോ മറ്റൊന്നും ലഭിച്ചിടാൻ
സ്നേഹത്തിൻ ഫലം സ്നേഹം, ജ്ഞാനത്തിൻഫലം ജ്ഞാനം
സ്നേഹമേ പരം സൗഖ്യം, സ്നേഹഭംഗമേ ദുഃഖം
സ്നേഹം മേ ദിക്കാലവർത്തിയായ് ജ്വലിച്ചാവൂ
ദേഹമിന്നതിൻ ചൂടിൽ ദഹിച്ചാൽ ദഹിക്കട്ടെ
മോഹനപ്രകാശമെന്നാത്മാവു ചുംബിച്ചല്ലോ.

*ജി. ശങ്കരക്കുറുപ്പ്*

*ഗാന്ധിയും കവിതയും*

(ഗാന്ധിജി കവിതയോട് ചോദിച്ചു)

'എപ്പോഴെങ്കിലും നൂൽ നൂറ്റിട്ടുണ്ടോ?
തോട്ടിയുടെ വണ്ടിവലിച്ചിട്ടുണ്ടോ?
വെളുപ്പിലേയെണീറ്റ് അടുക്കളയിലെ
പുകയേറ്റിട്ടുണ്ടോ?
എപ്പോഴെങ്കിലും പട്ടിണി കിടന്നിട്ടുണ്ടോ?'

കവിത പറഞ്ഞു :

'ജനിച്ചത് കാട്ടിലായിരുന്നു
ഒരു നായാടിയുടെ വായിൽ
വളർന്നത് മുക്കുവത്തിയുടെ കുടിലിലും
എങ്കിലും പാട്ടല്ലാതെ ഒരു തൊഴിലുമറിയില്ല.
കുറെക്കാലം പാട്ടുപാടി
കൊട്ടാരങ്ങളിൽ കഴിഞ്ഞു.
ഇപ്പോൾ തെരുവിലാണ്, അരവയറിൽ.

*സച്ചിദാനന്ദൻ*

൧൦. ഗ്രാമീണ സാങ്കേതികം

ഗ്രാമീണ സാങ്കേതിക വിദ്യ എങ്ങനെയാണ് നിർവചിക്കാനാവുക? ഗ്രാമീണ സാങ്കേതിക വിദ്യ (Rural Technology) എന്നതിനു പകരം നാടിനുചേർന്ന സാങ്കേതിക വിദ്യയെന്നോ അനുയോജ്യ സാങ്കേതിക വിദ്യയെന്നോ (Appropriate Technology) ഏതാണ് കൂടുതൽ യോജിക്കുക? ഗ്രാമീണ സാങ്കേതിക വിദ്യയ്ക്കു പ്രാധാന്യം കൊടുക്കുന്നത് കാലത്തെ പിറകോട്ടു നയിക്കുകയാണോ? നിർവചനങ്ങളുടെ എണ്ണം കൂടിക്കൂടി വരുന്നു. നിസ്സാരമായ ഒരു വാക്കിന് ഇത്രയധികം നിർവചനം വരുന്നത് അത് എന്തെന്നു ശരിയായി നിർവചിക്കാനാവാതെ വരുമ്പോഴാണ്.

എന്തായാലും ഗ്രാമങ്ങൾക്ക് ഗുണകരമാകുന്നതാണ് ഈ സാങ്കേതിക വിദ്യ. അത് ഗ്രാമത്തിൽനിന്ന് ഉയിർക്കൊണ്ടതാകാം. അതല്ലെങ്കിൽ ഗ്രാമജീവിതത്തിനു ഗുണകരമാകുന്ന ആധുനിക സാങ്കേതിക വിദ്യയുമാകാം. എന്തായാലും ആധുനിക ശാസ്ത്രസമൂഹം ഗ്രാമീണസാങ്കേതികവിദ്യയെ അഥവാ അനുയോജ്യസാങ്കേതിക വിദ്യയെ രണ്ടാമത്തെ ഗണത്തിൽ കണ്ടെത്തിയാൽ. ഇത് ഗ്രാമജീവിതത്തിന്റെ ഗുണനിലവാരം കൂട്ടും. ആറന്മുള കണ്ണാടിയോ അയ്ക്കരപ്പുത്തൂർ കണ്ണാടിയോ ആദ്യത്തെ ഗണത്തിൽപ്പെടുത്താം. ഗ്രാമത്തിൽനിന്ന് ഉയിർക്കൊണ്ട സാങ്കേതികവിദ്യയാണത്. അതേസമയം കൃത്രിമഉപഗ്രഹം ഉപയോഗിച്ച് മത്സ്യക്കൂട്ടങ്ങളെ കണ്ടെത്തുകയും അതിന്റെ യാത്രയനുസരിച്ച് മാറിക്കൊണ്ടിരിക്കുന്ന അക്ഷാംശവും രേഖാംശവും പത്രത്തിൽ കൊടുക്കുകയോ മൊബൈൽ ഫോൺവഴി എസ്.എം.എസ്. അയയ്ക്കുകയോ ചെയ്യുന്നത് രണ്ടാമത്തെ ഗണം. Global Positioning System എന്ന ചെറുസംവിധാനം ഉപയോഗിച്ച് അക്ഷാംശവും രേഖാംശവും കണ്ടെത്തി മത്സ്യക്കൂട്ടത്തിനടുത്ത് വലവിരിക്കാനാവുന്നത് ഗ്രാമജീവിതത്തിന് പ്രയോജനകരമാകും. സോണാർ ഉപയോഗിച്ച് എത്രത്തോളം മത്സ്യം ആണെന്നുള്ള അറിവും അതനുസരിച്ചുള്ള വല ഉപയോഗിക്കുന്നതും ഗ്രാമീണ ടെക്നോളജിയാണ്. മത്സ്യവള്ളം മറിഞ്ഞാൽ രണ്ടു ദിവസം ഹെലികോപ്ടറിൽ അന്വേഷിച്ചു നടക്കുന്നതിനു ... പകരം മൊബൈൽഫോൺ ഉപയോഗിച്ച് കൃത്യമായ അക്ഷാംശവും രേഖാംശവും കരയിലേക്ക് വിളിച്ച് അറിയിക്കുന്നത് വിലയേറിയ ജീവൻ വേഗം രക്ഷിക്കാനാകും.

## 14. जापान का भूकंप

പ്രകൃതി ദുരന്തം ജപ്പാനിൽ താണ്ഡവനൃത്തമാടി. പത്ത് മീറ്റർ ഉയരത്തിൽ ഉയർന്നുപൊങ്ങിയ തിരമാലകളിൽ ജപ്പാനിലെ നാടും, നഗരവും ഒലിച്ചുപോയി. ശാന്തമഹാസമുദ്രത്തിൽ ഉണ്ടായ വമ്പിച്ച ഭൂമി കുലുക്കത്തെ തുടർന്നാണ് തിരമാലകൾ കരയിലേക്ക് ആർത്തലച്ച് വന്നത്. അടുത്ത കാലത്ത് മാനവരാശി നേരിട്ട പ്രകൃതി ദുരന്തങ്ങളിൽ വച്ച് മഹാദുരിതം വിതച്ചതാണ് ജപ്പാനിൽ ഉണ്ടായ സുനാമി.

റിക്ടർ സ്കെയിലിൽ 8.9 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പം തീരത്തുനിന്ന് 80 കിലോമീറ്റർ അകലെയാണ് ഉണ്ടായത്. തുടർന്നാണ് സുനാമി തീരങ്ങളിലേക്ക് ആഞ്ഞടിച്ചത്. തലസ്ഥാനനഗരമായ ടോക്യോവരെ 400 കിലോമീറ്ററോളം വരുന്ന ഭാഗത്ത് വമ്പിച്ച നാശനഷ്ടങ്ങളാണ് ഈ സുനാമി വിതച്ചത്. ഇനിയും തിട്ടപ്പെടുത്തിയിട്ടില്ലെങ്കിലും മരിച്ചവരുടെ എണ്ണം പതിനായിരങ്ങൾ കവിയുമെന്നാണ് അനുമാനിക്കുന്നത്. കടലിലെ കപ്പലുകളെ എടുത്ത് അമ്മാനമാടി വന്ന തിരമാലകളിൽ വീടുകൾ, റോഡുകൾ, വാഹനങ്ങൾ എല്ലാം മൈലുകളോളം ഒലിച്ചുപോയി. നാശനഷ്ടങ്ങളുടെ യഥാർത്ഥ കണക്ക് ഇനിയും തിട്ടപ്പെടുത്തിയിട്ടില്ല.

ഭൂമിയുടെ അച്ചുതണ്ടിന് പോലും നാല് ഇഞ്ച് വ്യത്യാസം വന്ന ഭൂകമ്പമായിരുന്നു ജപ്പാനിൽ നടന്നത്. ഇതുമൂലം ദിവസത്തിന്റെ ദൈർഘ്യത്തിൽ വരെ കുറവുണ്ടാകാം. അതുപോലെ ജപ്പാൻ ദ്വീപ് മുൻപ് സ്ഥിതി ചെയ്തിരുന്നതിനെക്കാൾ എട്ട് അടി ദൂരേയ്ക്ക് മാറിപ്പോയിട്ടുണ്ട്. ഭൂമിയുടെ ഉപരിതലപാളിയിൽ 400 കിലോമീറ്റർ നീളത്തിലും, 160 കിലോമീറ്റർ വീതിയിലും പൊട്ടൽ ഉണ്ടായിട്ടുണ്ട്. ഭൂമിക്കുണ്ടായ ഈ കേടുപാടുകൾ ജീവന്റെ അധിവാസത്തിന് എന്തുമാത്രം ദൂരവ്യാപകമായ ഫലങ്ങൾ സൃഷ്ടിക്കുമെന്ന് കാത്തിരുന്ന് കാണേണ്ടി വരും.

ജപ്പാനിലെ ഭൂകമ്പവും, തുടർന്നുണ്ടായ സുനാമിയും അവിടത്തെ ആണവ നിലയങ്ങളിലുണ്ടാക്കിയ സ്ഫോടനങ്ങളാണ് കനത്ത പരിഭ്രാന്തി സൃഷ്ടിക്കുന്നത്. ഫുക്കുഷിമായിലെ ആണവ റിയാക്ടറുകളിലാണ് തുടർ സ്ഫോടനങ്ങളുണ്ടായിരിക്കുന്നത്.

## 12. रोविन - कंबोडिया का ग्राम

ലോകത്തെ മറ്റേതു കുഗ്രാമങ്ങളെയും പോലെതന്നെ കമ്പോഡിയയുടെ വളരെ വിദൂരമായ ആറു കൊച്ചുഗ്രാമങ്ങൾ കൂടിച്ചേർന്നതാണ് റോവിങ് ഗ്രാമം. ദാരിദ്ര്യം, അനാരോഗ്യം, നിരക്ഷരത, അരക്ഷിതാവസ്ഥ, സാമ്പത്തികമാന്ദ്യം തുടങ്ങിയ അവികസിത-വികസ്വര രാജ്യങ്ങളുടെ തിരാശാപമായ സവിശേഷതകളെല്ലാം അതിന്റെ തീവ്രമായ രീതിയിൽത്തന്നെ ഈ ഗ്രാമത്തിലും നിലനില്ക്കുന്നുണ്ട്. കേവലം 40 ഡോളറിൽത്താഴെയാണ് ഗ്രാമീണരുടെ പ്രതിശീർഷവരുമാനം. വർഷത്തിൽ ഒരുതവണ കൊയ്ത്തുണ്ടെങ്കിലും ഇത് ഇവിടെയുള്ളവരുടെ ആഹാരത്തിനുതന്നെ തികയുന്നില്ല. വെള്ളപ്പൊക്കം പോലുള്ള പ്രതികൂലകാലാവസ്ഥകളിൽ മാറിത്താമസിക്കാൻ ഇടമില്ല. ഉത്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികളും മറ്റും പരസ്പരം കൈമാറ്റം ചെയ്യപ്പെടുകയല്ലാതെ വാണിജ്യസാധ്യതകൾ തീരെയില്ല. ഏക ആരോഗ്യകേന്ദ്രത്തിലാകട്ടെ, അവശ്യം മരുന്നുകൾ പോലുമില്ലാത്തതിനാൽ അല്പം ഗൗരവമുള്ള അസുഖം വന്നാൽ പരലോകപ്രാപ്തിതന്നെ മാർഗ്ഗം. മാസത്തിലൊരിക്കൽ മാത്രം സന്ദർശിക്കുന്ന അനൗദ്യോഗിക വൈദ്യസഹായ ഏജൻസിയാണ് ഏക ആശ്രയം – ഇവർക്കുതന്നെയും കേവല പരിശോധനകൾക്കപ്പുറം മരുന്നുകളൊന്നും നല്കാൻ കഴിയില്ലെങ്കിൽപ്പോലും.

ഗ്രാമത്തിൽനിന്നു രണ്ടുമണിക്കൂർ സഞ്ചരിച്ചാലെത്തുന്ന കൊച്ചുപട്ടണത്തിലേക്കു ദിവസേന ഒരു ട്രിപ്പ് മാത്രം ഓടുന്ന ഒരു ടാക്സിയാണ് ഇവരുടെ ഏക സഞ്ചാരവാഹനം. വൈദ്യുതി, ടെലഫോൺ, ശുദ്ധജലപ്പൈപ്പുകൾ.... ഈ സംവിധാനങ്ങളൊന്നും ഇവർ കണ്ടിട്ടില്ല. റേഡിയോ ഉപകരണമുപയോഗിച്ച് പുറത്തേക്കൊന്നു വിനിമയം നടത്തണമെങ്കിൽ പത്തുമണിക്കൂറോളം വാഹനത്തിൽ സഞ്ചരിക്കണം. ഏകദേശം രണ്ടായിരത്തിലധികം കുട്ടികളുള്ള ഈ ഗ്രാമത്തിൽ ഇപ്പോൾ പലരും ആറുവർഷത്തേക്കെങ്കിലും സ്കൂൾവിദ്യാഭ്യാസം നേടാൻ തയ്യാറാകുന്നത് നല്ല കാര്യം.

## 13 ഉപഭോക്തൃ സംരക്ഷണം

അളവു-തൂക്ക വകുപ്പുദ്യോഗസ്ഥന്മാരുടെ 25-ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചു നടത്തുന്ന ഈ സെമിനാറിൽ പങ്കെടുക്കാനും നിങ്ങളെയെല്ലാം നേരിട്ടു കണ്ട് ആശയവിനിമയം നടത്താനും സാധിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇതിനു സന്ദർഭം നൽകിയ ഇതിന്റെ ഭാരവാഹികളോട് ആദ്യമായി എന്റെ കൃതജ്ഞത രേഖപ്പെടുത്തട്ടെ. കേരള ഉപഭോക്തൃസംരക്ഷണ സമിതിയുടെ വൈസ് പ്രസിഡന്റ് എന്ന നിലയിലാണ് ഞാൻ ഇവിടെ നിൽക്കുന്നത്. നാം എല്ലാവരും തന്നെ ഒരു തരത്തിൽ ഉപഭോക്താക്കളാണ്. എന്തെങ്കിലും സാധനങ്ങൾ വാങ്ങാത്തതായോ ഏതെങ്കിലും സേവനം ആവശ്യമില്ലാത്തതായോ ആരും തന്നെയില്ലല്ലോ. ആ നിലയ്ക്ക് എല്ലാവരും ഉപഭോക്താക്കളാണ്. അങ്ങനെ ഞാൻ നിങ്ങളുടേയും കൂടി പ്രതിനിധി തന്നെ.

എന്തെങ്കിലും സാധനം വാങ്ങിക്കുമ്പോൾ നാം പ്രധാനമായും പ്രതീക്ഷിക്കുന്നത് രണ്ടു കാര്യങ്ങളാണ് – ഒന്ന് ശരിയായ ഗുണനിലവാരം, രണ്ട് കൃത്യമായ അളവ് അഥവാ തൂക്കം. ഉദാഹരണമായി നാം ഒരു കിലോ വെളിച്ചെണ്ണ വാങ്ങിക്കുകയാണെന്ന് വിചാരിക്കുക. അത് കൃത്യമായി 1000 ഗ്രാം ഉണ്ടായിരിക്കണം. അതുമാത്രം പോരാ, അതിൽ വിലകുറഞ്ഞ പാമോയിലോ മറ്റു എണ്ണകളോ ചേർത്തിരിക്കരുത്. പാമോയിലാണെങ്കിലും പോട്ടെ, ആരോഗ്യത്തിനു ഹാനികരമായ റബ്ബർക്കുരു എണ്ണയോ മറ്റോ തീർച്ചയായും കലർത്തിയിരിക്കരുത്. ഇത് ഒരു ഉപഭോക്താവിനെ സംബന്ധിച്ച് ഏറ്റവും മിതവും ന്യായവുമായ ആവശ്യങ്ങളാണ്. ആവശ്യങ്ങൾ എന്നതിലുമധികം അവകാശങ്ങൾ എന്നുതന്നെ പറയാം.

ഗുണനിലവാരം നിലനിർത്താനും അളവു-തൂക്കങ്ങൾ കൃത്യമായി പാലിക്കാനും നിഷ്കർഷിച്ചിരുന്ന ആദികാലത്തു നിന്നും വ്യത്യാസമായി ലാഭം മാത്രം ലക്ഷ്യമാക്കിയ വ്യാപാരതന്ത്രം നിലവിൽ വന്നതോടെയാണ് ഉപഭോക്താക്കളുടെ താൽപ്പര്യം ഹോമിപ്പിക്കാനും അവരുടെ ധനവും ആരോഗ്യവും ആയുസ്സും നഷ്ടപ്പെടുത്തുന്ന തരത്തിൽ വ്യാപാര നിലവാരം അധഃപതിക്കാനും ഇടയായത്. അങ്ങനെ സാമൂഹിക സദാചാരബോധം കുറഞ്ഞുവന്നതോടുകൂടി ഉപഭോക്താക്കൾക്ക് അവരുടെ താൽപ്പര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കാൻ സംഘടിപ്പിക്കേണ്ടതായും, സ്വന്തം അവകാശങ്ങളെപ്പറ്റി ബോധവാന്മാരാകേണ്ടതായും വന്നു. അങ്ങനെ പല രാജ്യങ്ങളിലും ഉടലെടുത്തിട്ടുള്ള ഉപഭോക്തൃസംരക്ഷണസമിതികൾ, അന്താരാഷ്ട്രതലത്തിലും ഗവൺമെന്റ് തലത്തിലും വേണ്ട പ്രേരണ നൽകി ഉപഭോക്തൃസംരക്ഷണസമിതികൾ, ഉപഭോക്തൃസംരക്ഷണ നിയമങ്ങൾ ഉണ്ടാക്കി നടപ്പാക്കാനും ഉപഭോക്തൃ ബോധവൽക്കരണ പരിപാടികൾക്കു മുൻതൂക്കം നൽകി പ്രവർത്തനങ്ങൾ നടത്താനും തുടങ്ങി. അതിന്റെ ഗുണഫലങ്ങൾ പല മേഖലകളിലും കണ്ടുതുടങ്ങിയിട്ടുണ്ടെങ്കിലും നിതാന്ത ജാഗ്രത ഈ രംഗത്ത് പാലിക്കേണ്ടത് അത്യാവശ്യമാണ്.

## 14. സ്ത്രീ - സംരക്ഷണ നിയമങ്ങൾ

നൂറ്റാണ്ടുകളായിത്തന്നെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റി നിർത്തി പലവിധ വിവേചനങ്ങൾക്കും ചൂഷണങ്ങൾക്കും വിധേയരാക്കിയിരുന്ന, സമൂഹത്തിന്റെ പകുതിയോളം വരുന്ന സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുക എന്നത് സ്വതന്ത്ര ഇന്ത്യ ഏറ്റെടുക്കേണ്ടി വന്ന മറ്റൊരു വെല്ലുവിളിയായിരുന്നു. സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിലെ സ്ത്രീ-പുരുഷ സമത്വം എന്ന സങ്കല്പനം പൂർണമായും ഉൾക്കൊണ്ടു തന്നെയാണ്, നമ്മുടെ ഭരണഘടനയും പൗരന്മാരുടെ മൗലിക അവകാശങ്ങളെപ്പറ്റി പ്രതിപാദിച്ചത്. അനുച്ഛേദം 14, 15, 16 എന്നിവയിലൂടെ അർത്ഥശങ്കയ്ക്കിടയില്ലാത്ത തരത്തിൽ സ്ത്രീ-പുരുഷ സമത്വം ഉറക്കെ പ്രഖ്യാപിക്കുകയും സ്ത്രീകൾക്കെതിരെയുള്ള എല്ലാവിധ വിവേചനങ്ങളും തടയുകയും ചെയ്തിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ തന്നെ നിത്യജീവിതത്തിൽ സമൂഹം അനുഭവിച്ചുകൊണ്ടിരിക്കുന്ന പല സ്ത്രീവിരുദ്ധ പ്രവർത്തനങ്ങളും അവസാനിപ്പിക്കാൻ നിയമങ്ങൾക്കു രൂപം നൽകാനും തുടങ്ങി. അവയിൽ ഏറ്റവും പ്രധാനപ്പെട്ട ചില നിയമങ്ങളെപ്പറ്റി മാത്രമാണ് ഇവിടെ സൂചിപ്പിക്കുന്നത്.

### സ്ത്രീധന നിരോധന നിയമം

സാമൂഹ്യപരിഷ്കർത്താക്കളും ചിന്തകന്മാരും മനുഷ്യാവകാശ പ്രവർത്തകരുമെല്ലാം ഇങ്ങനെയൊരു നിയമത്തിന്റെ ആവശ്യകതയെക്കുറിച്ച് ശക്തമായ ആവശ്യം ഉന്നയിച്ചിരുന്നുവെങ്കിലും 1961 ൽ മാത്രമാണ് ഇത്തരത്തിൽ സ്ത്രീധന നിരോധന നിയമം പ്രാബല്യത്തിൽ വന്നത്. വിവാഹത്തോടനുബന്ധിച്ച് സ്ത്രീധനം ആവശ്യപ്പെടുന്നതും കൊടുക്കുന്നതും നിരോധിച്ചുകൊണ്ടുള്ള നിയമം ആണ് നിർമ്മിച്ചത്. ഈ നിയമത്തെ ഒരു ഐതിഹാസികമായ സാമൂഹ്യപരിഷ്കരണ നിയമമായി വാഴ്ത്തപ്പെടുകയും ചെയ്തു.

15 वर्षा-वर्णन

16. संस्कृति और सौंदर्यबोध

## 10. ആഗുംബെയിലെ മഴ

ആഗുംബെ വിളിക്കുന്നതുപോലെ തോന്നും. ആഗുംബെ മാത്രമല്ല അന്നാട്ടിലെ മഴ, കാട്, മലനിരകൾ, പുൽമേടുകൾ ഒക്കെയും, മഴ വിളിച്ചത് സ്നേഹപൂർവമാണ്, 'വരൂ ആഗുംബെയുടെ മഴയത്തിറങ്ങൂ!'

ഭാരമില്ലാത്തതാണ് ആഗുംബെയിലെ മഴ. ശബ്ദമുണ്ടാക്കാതെയാണ് ചില നേരത്തെ വരവ്. ചിലപ്പോൾ കുട്ടികളെപ്പോലെ കിലുക്കാം പെട്ടിയാകും. മറ്റു ചിലനേരങ്ങളിൽ മലനിരകളുടെ പടവുകളിറങ്ങി അതേ വേഗത്തിൽ തിരിഞ്ഞോടുന്ന കൗമാരക്കാരി. അല്ലെങ്കിൽ സ്വപ്നത്തിലെ തൂമഴ.

തുള്ളികൾക്ക് കനമില്ല. പക്ഷേ, ഇടതൂർന്നതാണ്. ആഗുംബെയിലെ മഴയുടെ ആദ്യസ്പർശം ഇങ്ങനെയൊക്കെയാകാം.

നെറ്റിയിൽ ഒരേസമയം നാലഞ്ചുതുള്ളികൾ. മൂക്കിൽ ഒരുതുള്ളി വീണു ചിതറും. ഏതാനും തുള്ളികൾ കവിളിൽ തൊട്ടുരുമ്മും മെല്ലെ നാമറിയാതെ മഴ നമ്മെ പൊതിയും. കുട ചൂടാതെ നടക്കാം പക്ഷെ വെള്ളം തട്ടിത്തെറിപ്പിക്കാനാവില്ല. കാരണം, ആഗുംബെയിൽ വെള്ളക്കെട്ടുകളില്ല. അഴുക്കും മാലിന്യങ്ങളുമില്ല. അതുകൊണ്ടാകാം അന്യനാട്ടുകാർ ഇവിടെ മഴ കൊള്ളാൻ എത്തുന്നത്. പനിപിടിച്ചെന്ന ആവലാതികളും ആഗുംബെയിൽ കേട്ടിട്ടില്ല. മൺസൂൺ മറഞ്ഞാലും ആഗുംബെയെ മഴ വിട്ടൊഴിയാറില്ല. പന്ത്രണ്ടുമാസവും മഴ. സഹ്യന്റെ തോളിലാണ് ഇരിപ്പ് എന്നതുതന്നെ കാരണം.

കർണ്ണാടകയിലെ ഷിമോഗ ജില്ലയിലാണ് ഒത്തിരി പ്രത്യേകതയുള്ള ഈ കൊച്ചുസ്ഥലം. ആർ. കെ. നാരായണന്റെ മാൽഗുഡിഡെയ്സ് സീരിയൽ ഷൂട്ടിംഗ് ചെയ്തത് ഇവിടെയായിരുന്നു.

(ടി. ആർ. രമ്യ)

നന്ദി, മാതൃഭൂമി 12 ജൂലായ് 2009

കൃഷി വിഭവങ്ങൾ തയ്യാറാക്കാനും കൊയ്തെടുക്കുന്ന നെൽക്കറ്റകൾ ശേഖരിച്ചു മെതിക്കാനും വയൽക്കരയിൽ ശയ്യാറാക്കിയിരുന്ന 'തറ'യാണ് കളം. അവിടെ നിർമ്മിക്കുന്ന 'പുര'യെ 'കളപ്പുര'യെന്നു വിളിച്ചു. കൊയ്ത്തുത്സവകാലത്ത് കാർഷിക ദേവതയെ സ്തുതിച്ച് കളങ്ങളിൽ വച്ചു പാടിയ പാട്ടുകളായിരുന്നു 'കളംപാട്ടുകൾ'. കളത്തിൽ ധൂളികൾകൊണ്ട് ദേവതാരൂപം വരയ്ക്കുന്നതാണ് 'കളമെഴുത്തുകൾ'. ദ്രാവിഡഭാഷയിൽ 'കള'ത്തിന് ദേവതാരാധനാ സ്ഥലം എന്നും അർത്ഥമുണ്ട്. 'കള'ത്തിനുപകരം നിൽക്കുന്ന സംസ്കൃതപദമാണ് 'ക്ഷേത്രം'. 'ധാന്യങ്ങൾ ഇതിൽ വസിക്കുന്നു' എന്നാണ് ക്ഷേത്രപദത്തിന്റെ നിരുക്താർത്ഥം. പത്നിയുടെ ശരീരമെന്നും ഇതിന് അർത്ഥമുണ്ട്. പ്രാചീനകാലത്ത് മിക്ക ക്ഷേത്രങ്ങളും കാർഷികവിളഭൂമികൾക്കരികിലോ വയൽക്കരയിലോ ആണ് പണിതിരുന്നത്. സ്ത്രീയുടെ ജനനേന്ദ്രിയത്തിന്റെ ഘടനയിലും സങ്കല്പത്തിലുമാണ് ക്ഷേത്രനിർമിതി. ഇടനാഴി യോനിനാളവും ഉൾഭാഗം ഗർഭഗൃഹവുമാണ്. ഗർഭഗൃഹത്തിനുള്ളിൽ ഭ്രൂണരൂപേണ പ്രതിഷ്ഠ സ്ഥിതിചെയ്യുന്നു. കാർഷികോത്സവങ്ങളിലെ ത്യാഗാനുഷ്ഠാനങ്ങളുടെയും രതിഗാനങ്ങളുടെയും ശക്തമായ സ്വാധീനമാണ് ദേവദാസിസമ്പ്രദായവും രതിശില്പനിർമിതിയും.

സൗന്ദര്യബോധം അഭ്യാസജന്യമാണ്, സംസ്കാരജന്യമാണ് എന്നൊക്കെ പറയുമ്പോൾ ശുദ്ധസൗന്ദര്യപക്ഷപാതികൾ നെറ്റിചുളിക്കും. സൗന്ദര്യബോധത്തെ കേവലമായ ആശയമായി കാണുന്നതുകൊണ്ടുള്ള തെറ്റിദ്ധാരണയാണ്. സംസ്കാരമാണ് സൗന്ദര്യം എന്നോ സൗന്ദര്യബോധമാണ് സംസ്കാരമെന്നോ പറയാം.

## 17. ഉൽക്കാപാതം

ആറരക്കോടി വർഷങ്ങൾക്കു മുമ്പുള്ള ഒരു പ്രഭാതം ഭൂമിയുടെ ചരിത്രത്തിൽ നിർണായകമായിരുന്നു. ആ ദിവസം പതിവുപോലെ ആരംഭിച്ച ആ ദിനം ഒരു മഹാദുരന്തത്തിനു വേദിയാകാൻ അധികനേരം വേണ്ടി വന്നില്ല. ഒരു നിമിഷാർധം ഏകദേശം 10 കിലോ മീറ്റർ വ്യാസമുള്ള ഒരു വമ്പൻ ഉൽക്കാശില ഭൂമിയിൽ പതിച്ചു. രണ്ടുലക്ഷം ജിഗാടൺ ടി എൻ ടി യുടെ സ്ഫോടനത്തിനു തുല്യമായിരുന്നു ആ ഉൽക്കാപതനത്തിന്റെ ശക്തി. അതുണ്ടാക്കിയ ആഘാതം 100 കിലോമീറ്റർ വ്യാസമുള്ള വലിയൊരു ഗർത്തം ഭൂമിയിൽ സൃഷ്ടിച്ചു. ദുരന്തം അവിടെ തുടങ്ങുകയായി. തീപ്പിടുത്തങ്ങളും കൊടുങ്കാറ്റുകളും സുനാമിത്തിരമാലകളും ഭൂമിനക്കിത്തുടച്ചു. ഭൂമി അടക്കിവാണിരുന്ന ദിനോസറുകൾ എന്നജീവികൾ നാമാവിശേഷമായി. ആയിരക്കണക്കിന് ജീവിവംശങ്ങൾ ഭൂമുഖത്തുനിന്ന് അപ്രത്യക്ഷമായി. ഇതൊരു സയൻസ് ഫിക്ഷനോ ഹോളിവുഡ് സിനിമക്കഥയോ അല്ല. ഭൂമിയുടെയും അതിലെ ജീവന്റെയും പരിണാമചക്രത്തിന്റെ തിരക്കഥയിലെ പെരിയൊരു ഭാഗം മാത്രം.

അതിശക്തമായ ഉൽക്കാപതനങ്ങൾ ഭൂമിയുടെ ചരിത്രത്തിൽ നിരവധി നടന്നിട്ടുണ്ടെങ്കിലും അഞ്ചുകിലോമീറ്ററിൽ കൂടുതൽ വ്യാസമുള്ള ഉൽക്കകൾ ഭൂമിയിൽ പതിക്കാനുള്ള സാധ്യത 1 കോടിവർഷത്തിൽ ഒന്ന് എന്ന അനുപാതത്തിൽ പരിമിതമാണ്. എന്നാൽ എന്താണ് ഉൽക്കകൾ? എങ്ങനെയാണവ ജീവന് അപകടകരമാകുന്നത്. സൗരകുടുംബത്തിന്റെ ജനനത്തോടു ബന്ധപ്പെട്ടാണ് ഉൽക്കകളുടെ ചരിത്രവും ആരംഭിക്കുന്നത് ഏകദേശം 500 കോടി വർഷങ്ങൾക്കു മുമ്പ് സൂര്യന്റെ രൂപീകരണത്തിനുശേഷം അവശേഷിച്ച നക്ഷത്രാന്തര വാതക - ധൂളി പടലങ്ങൾ സൂര്യനു ചുറ്റും അതിവേഗതയിൽ കറങ്ങാനാരംഭിച്ചു സൂര്യന്റെ ഗുരുത്വബലമാണ് ഇതിന് കാരണമാകുന്നത്. കറങ്ങുന്നതിനിടയിൽ ധൂളിപടലങ്ങൾ ഒട്ടിപ്പിടിച്ച് ക്രമേണ വലുതാകാൻ തുടങ്ങി വലുപ്പം കൂടുന്നതോടുകൂടി ഗുരുത്വബലവും വർധിച്ചുവരുന്നു. അത് കൂടുതൽ പൊടിപടലങ്ങളെയും വാതകങ്ങളെയും പിടിച്ചെടുക്കാൻ കാരണമായി. ദ്രവ്യത്തിന്റെ അളവ് വർധിച്ചതോടെ ഗുരുത്വബലത്തിന്റെ പ്രഭാവത്താൽ ദ്രവ്യം ഗോളാകൃതി പ്രാപിച്ചു. ഇവയാണ് ഗ്രഹങ്ങൾ. എന്നാൽ ഗോളാകൃതി നേടാനാവശ്യമായ ദ്രവ്യം ലഭിക്കാതെ വന്നവ നിയതമായ ആകൃതിയില്ലാതെ സൂര്യനുചുറ്റും കറങ്ങിക്കൊണ്ടിരിക്കുകയാണ്. ഇവയെ ക്ഷുദ്രഗ്രഹങ്ങൾ എന്നാണ് വിളിക്കുന്നത്.

## 18. വാൾമാർട്ട് [illegible]

മറ്റുപല കമ്പനികളും പരാജയപ്പെട്ടിടത്ത് വാൾമാർട്ട് എന്തുകൊണ്ട് വിജയിച്ചു? പ്രധാനമായും വാൾമാർട്ട് സ്റ്റോറുകൾ തുടങ്ങിയത് ചെറുകിട കച്ചവടരംഗത്ത് ഉയർന്ന മത്സരസാന്ദ്രത നിലനിൽക്കുന്ന പട്ടണങ്ങളിലല്ല. മറിച്ച്, ചെറുകിട പട്ടണങ്ങളിൽ സ്റ്റോറുകൾ തുടങ്ങുകയും, അതേ പട്ടണത്തിൽ തന്നെ വീണ്ടും വീണ്ടും സ്റ്റോറുകൾ തുടങ്ങി ഒടുവിൽ ആ പട്ടണത്തിലെ കച്ചവടം മുഴുവൻ സ്വായത്തമാക്കുകയും ചെയ്യുന്നു. ഇതിനെ നമുക്ക് വാൾമാർട്ട് വത്കരണം (Walmartisation) എന്നു വിളിയ്ക്കാം. ഒരു പട്ടണത്തിലെ വാൾമാർട്ടൈസേഷൻ പൂർത്തിയാകുമ്പോൾ, പിന്നെ ആ പട്ടണത്തിലെ മറ്റു കച്ചവടക്കാർ നിർമ്മാർജനം ചെയ്യപ്പെട്ടിരിക്കും.

വാൾമാർട്ട് സ്റ്റോറുകളിൽ സാധനങ്ങൾക്ക് പൊതുവെ വിലക്കുറവായിരിക്കും. അതിന്റെ പ്രധാനപ്പെട്ട കാരണം വില്പന സാധനങ്ങളുടെ ശേഖരണ-വിതരണ രീതിയാണ്. ഉല്പാദകരിൽ നിന്നും കൃഷിക്കാരിൽ നിന്നും കർക്കശമായ വിലപേശൽ നടത്തി നേരിട്ട് സാധനങ്ങൾ ശേഖരിച്ച് സ്വന്തം വിതരണ സംവിധാനങ്ങൾ ഉപയോഗിച്ച് സ്റ്റോറുകളിൽ എത്തിച്ച് മറ്റുകച്ചവടക്കാരെ പിന്തള്ളുന്ന വില്പനവില നിശ്ചയിച്ച് സാധനങ്ങൾ വില്ക്കുന്നു. ഇതാണ് "everyday low price" എന്ന വില്പന വാക്യത്തിന്റെ അടിത്തറ. ഇത്തരം തന്ത്രത്തിന്റെ ഫലമായി, മറ്റു സ്റ്റോറുകളുമായി ബന്ധപ്പെട്ട് സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താക്കളെ പിടിച്ചെടുക്കുന്നതാണ് വാൾമാർട്ട് സ്റ്റോറുകളുടെ വിജയരഹസ്യം. ഒരുല്പന്നത്തിന്റെ വിലയ്ക്ക് രണ്ടെണ്ണം നൽകുക, നഷ്ടം സഹിച്ച് വില്പന നടത്തുക, എന്നും ഉപയോഗിക്കുന്ന ടൂത്ത്പേസ്റ്റ് പോലുള്ള സാധനങ്ങൾ ഏകദേശം 40% വരെ വിലകുറച്ച് നൽകുക - തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ ഉപഭോക്താക്കളെ ആകർഷിച്ച് സ്വന്തമാക്കുന്നു. ഇതോടുകൂടി ആ പ്രദേശത്തുള്ള മറ്റു കച്ചവടക്കാർ കട്ടയും പടവും മടക്കും. പിന്നീടാണ് യഥാർത്ഥ വാൾമാർട്ട് തനിനിറം പ്രത്യക്ഷപ്പെടുത്തുന്നത്. ഒരു അമേരിക്കൻ പരസ്യകമ്പനി നടത്തിയ പഠനം ഇവിടെ സൂചിപ്പിക്കുന്നത് പ്രസക്തമാണ്. പ്രസ്തുത പഠനത്തിൽ വെളിപ്പെട്ടത് - ടൂത്ത്പേസ്റ്റ്, ടോയ്‌ലറ്റ് പേപ്പർ തുടങ്ങിയ വിലകുറഞ്ഞതും എന്നാൽ സർവ്വസാധാരണ ഉപയോഗത്തിലുള്ളതുമായ ഏകദേശം 1500 ഉല്പന്നങ്ങൾ സ്റ്റോറിന്റെ മുൻഭാഗത്ത് പ്രദർശിപ്പിച്ച്, ഏറ്റവും കുറഞ്ഞ നിരക്കിൽ വിൽക്കുന്നു. ഇതിനുപുറമെ, സ്റ്റോറിലുള്ള 80,000 സാധന ഇനങ്ങൾക്ക് വർധിച്ച വിലയും ഈടാക്കുന്നു.

## 19. जापान की भूकंप

ജപ്പാനിലുണ്ടായ ഭൂകമ്പവും, സുനാമിയും ശരിയായ തരത്തിൽ മുൻകൂട്ടി പ്രവചിക്കാൻ കഴിയാതിരുന്നത് മനുഷ്യരാശിയെത്തന്നെ ആശങ്കാകുലരാക്കുന്നു. ആധുനിക ശാസ്ത്രമേഖലകളെ വികസിപ്പിച്ച്, സാങ്കേതിക വിദ്യകളിൽ വിപ്ലവം സൃഷ്ടിച്ച് വ്യാവസായിക, കാർഷിക മേഖലകളിൽ മുന്നേറ്റം കുറിച്ച രാജ്യമാണ് ജപ്പാൻ. എന്നാൽ സ്വന്തം നാടിനെ തകർത്തെറിയാൻ പോന്ന പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മുൻകൂട്ടി അറിയാനും, നടപടികൾ സ്വീകരിക്കാനുമുള്ള സാങ്കേതിക വിദ്യ അവർക്കുപോലും സ്വായത്തമല്ലെന്ന് ഈ ദുരന്തം തെളിയിക്കുന്നു. ഈ സ്ഥിതിയിൽ പിന്നോക്കാവസ്ഥയിലുള്ള മറ്റ് ലോകരാഷ്ട്രങ്ങൾ ഇത്തരമൊരു സ്ഥിതിവിശേഷത്തെ എങ്ങനെ നേരിടുമെന്ന് സങ്കല്പിച്ച് നോക്കാൻപോലും കഴിയില്ല. ഭൂകമ്പങ്ങളെ അതിജീവിക്കാൻ കഴിയുന്ന കെട്ടിടനിർമ്മാണം കൊണ്ടാണ് ജപ്പാൻ ഒരു പരിധിവരെ പിടിച്ചുനിന്നത്. പക്ഷെ അതുകൊണ്ടുമാത്രം കാര്യമില്ലെന്ന് പുതിയ സംഭവവികാസങ്ങൾ തെളിയിക്കുന്നു. ഇപ്പോൾ നടന്ന ഭൂകമ്പത്തെക്കുറിച്ച് ജപ്പാൻ മുന്നറിയിപ്പ് നൽകിയിരുന്നു. പക്ഷെ അതിന്റെ ശരിയായ ശക്തിയെക്കുറിച്ചോ, അതുവഴിയുണ്ടാകാവുന്ന ഇത്രയും വലിയ സുനാമിയെക്കുറിച്ചോ ഒന്നും ജപ്പാൻ അറിയുമായിരുന്നില്ല. തീരപ്രദേശങ്ങളിൽ നിന്ന് കുറച്ച് ജനങ്ങളെ ഒഴിപ്പിച്ചത് മാത്രമായിരുന്നു അവർ സ്വീകരിച്ചിരുന്ന മുൻകരുതൽ. പക്ഷേ ന്യൂക്ലിയർ റിയാക്ടറുകളെവരെ തകർത്ത് ജീവരാശിയുടെ അതിജീവനത്തെ തന്നെ വെല്ലുവിളിക്കുന്ന ദുരന്തമായി ഇപ്പോൾ ഇത് മാറിയിരിക്കുന്നു. ശാസ്ത്ര സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുത്ത് വ്യവസായിക വിപ്ലവം സൃഷ്ടിച്ച ഉദയസൂര്യന്റെ നാടിന് ഈ ഗതിയാണെങ്കിൽ മറ്റുള്ളവരുടെ ഗതി എന്താണെന്ന് പ്രവചിക്കാൻ പോലും കഴിയില്ല. ലോകം ഭീതിയോടെ ചിന്തിക്കുന്നതും ഇതാണ്.

## 20. कंप्यूटर के विभिन्न प्रयोग

ക്രിയാത്മകമായി ഉപയോഗിക്കാൻ സാധിച്ചാൽ സാധാരണക്കാർക്ക് അങ്ങേയറ്റം പ്രയോജനകരമായിത്തീരുന്ന ഒരു സംവിധാനമാണ് കംപ്യൂട്ടർ. ഗവൺമെന്റ് മുൻകൈ എടുത്തു നടത്തുന്ന ക്ഷേമപ്രവർത്തനങ്ങളെ ഫലപ്രദമാക്കാനും അവയെ സുതാര്യമാക്കാനും കംപ്യൂട്ടറിനു കഴിയും. നികുതിയടയ്ക്കുക, പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുക, സാക്ഷ്യപത്രങ്ങൾ, അനുമതിപത്രങ്ങൾ, ലൈസൻസുകൾ ഇങ്ങനെ സാധാരണക്കാർക്ക് ഇടയ്ക്കിടെ വേണ്ടിവരുന്ന സേവനങ്ങളുടെ ലഭ്യത സുഗമമാക്കുക തുടങ്ങി ഒട്ടനവധി പ്രവർത്തനങ്ങളെ വേഗത്തിലാക്കാൻ കംപ്യൂട്ടറുകൾക്ക് സാധിക്കും. അഴിമതിക്കുള്ള സാധ്യതകളെ അത് വളരെ കുറയ്ക്കുന്നു. ഈ രീതിയിൽ കംപ്യൂട്ടറുകളെ ഉപയോഗിക്കാൻ ഭരണനേതൃത്വം തയ്യാറാകുന്നില്ലെങ്കിൽ കുറ്റം ആ സംവിധാനത്തിന്റേതല്ല, രാഷ്ട്രീയ-ഉദ്യോഗസ്ഥ നയകർത്താക്കളുടെ അജ്ഞതയോ തങ്ങളുടെ സ്ഥാനം നഷ്ടപ്പെടുമെന്ന ഭയമോ ആണ്.

ദൈനംദിന ജീവിതത്തിൽ കംപ്യൂട്ടറുകളെ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാമെന്നതിന് ഉദാഹരണങ്ങൾ എത്ര വേണമെങ്കിലുമുണ്ട്. നിങ്ങൾ ഒരു അഖിലേന്ത്യാ പര്യടനം ആസൂത്രണം ചെയ്യുന്നുവെന്നു കരുതുക. മുൻകാലങ്ങളിൽ ഈ യാത്രയിലുടനീളം ട്രെയിൻ ടിക്കറ്റുകൾ കാലേകൂട്ടി റിസർവ് ചെയ്യുക എന്നത് വിഷമം പിടിച്ച കാര്യമായിരുന്നു. ഇന്നാകട്ടെ ഈ ജോലി നിർവഹിക്കുന്നതിനും നിങ്ങൾക്കാവശ്യമായ മറ്റു വിവരങ്ങൾ നൽകുന്നതിനും ഒരു കംപ്യൂട്ടറിന്റെ സഹായമുള്ള റിസർവേഷൻ ക്ലർക്കിന് ചില നിമിഷങ്ങൾ മാത്രമേ വേണ്ടൂ. അടുത്ത പടിയായി ഒരു ഗാർഹിക കംപ്യൂട്ടർ ഉപയോഗിച്ചുകൊണ്ട് ക്രെഡിറ്റ് കാർഡിന്റെ സഹായത്തോടെ തന്നെ നിങ്ങൾക്ക് ഇത്തരം കാര്യങ്ങൾ ചെയ്യാമെന്നു വരുന്നു.

അതുപോലെതന്നെ നികുതിവകുപ്പ് പൂർണ്ണമായി കംപ്യൂട്ടർവൽക്കരിക്കപ്പെട്ടാൽ ഓരോ നികുതിദായകന്റെയും വരുമാനത്തെക്കുറിച്ചും അയാൾ അടയ്ക്കേണ്ട നികുതിയെക്കുറിച്ചുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കണക്കുകൂട്ടിയെടുക്കുക എന്നത് അനായാസമായിരിക്കും. നികുതിവെട്ടിപ്പു കണ്ടുപിടിക്കാൻ ഈ സംവിധാനം വളരെ പ്രയോജനപ്പെടുകയും ചെയ്യും.

## २१. साहित्यकार मीरान

മാതൃഭാഷ തമിഴായിരുന്നെങ്കിലും ഞാൻ പഠിച്ചത് മലയാളമായിരുന്നു. അന്ന് കന്യാകുമാരി ജില്ല കേരളത്തിലായിരുന്നല്ലോ. ഞാൻ തെ ക്കെട്ടിരുന്ന് എഴുതി. പലതും പാഴ്. ചിലത് അക്കാലത്ത് പ്രതിമാസിക അന്തർഇസ്ലാമിന്റെ പത്രാധിപത്യത്തിൽ പുറത്തിറങ്ങിയിരുന്ന 'ദീപ്തി' എന്ന പ്രസിദ്ധീകരണത്തിൽ വന്നു. ആദ്യം പ്രസിദ്ധീകരിച്ചത്. 'ഉമ്മ' എന്ന കഥയാണ്. ഒരു ഉമ്മയും മകനും ചന്തയ്ക്കുപോകുന്നതും അവരുടെ കഷ്ടപ്പാടുകൾ നിറഞ്ഞ ജീവിതവുമാണ് അതിൽ ചിത്രീകരിച്ചിരുന്നത്. എന്തുകൊണ്ടോ ഞാനിതേവരെ പ്രണയകഥകൾ എഴുതിയിട്ടില്ല. എഴുതാൻ ശ്രമിച്ചിട്ടുമില്ല.

വാസ്തവത്തിൽ എന്റെ ആദ്യകൃതി മലയാളത്തിലായിരുന്നു. 'ഹെയ്ഗുലി' പൂർണ്ണചന്ദ്രൻ എന്ന നോവൽ. 1973-ൽ തൃശൂരിലെ ഗ്രീൻ ബുക്ക്സ്റ്റാൾ അതു പ്രസിദ്ധീകരിച്ചു. അതിനെപ്പറ്റി പിന്നെ അന്വേഷിച്ചിട്ടില്ല. ഞാൻ തമിഴ് പഠിച്ചത് സിനിമാപോസ്റ്ററുകൾ നോക്കിയായിരുന്നു. തമിഴ്സാഹിത്യം വായിക്കാൻ തുടങ്ങിയിട്ട് ഏകദേശം പത്തുകൊല്ലമേ ആയിട്ടുള്ളൂ.

മതത്തിന്റെ മറപിടിച്ചുള്ള എല്ലാ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ഞാനെതിരാണ്. മൗലികവാദികളുടെയും ലബ്ബമാരുടെയും ദുഷ്ചെയ്തികൾ എനിക്ക് സഹിക്കാനാവില്ല. ഒരു പുരോഹിതനോടോ മുതലാളിയോടോ അല്ല, എന്റെ എതിർപ്പ്. മുതലാളിത്തത്തോടും പൗരോഹിത്യത്തോടുമാണ്. മുതലാളിയുടെ ചെരുപ്പിനെയും തലപ്പാവിനെയും ബഹുമാനിക്കാൻ നിർബന്ധിതരായ പൂർവ്വികരാണ് ഞങ്ങളുടേതെന്ന് ലോകത്തെ അറിയിക്കാനാണ് ഞാൻ ശ്രമിച്ചത്. അനേകം സ്ത്രീകളുടെ ചാരിത്ര്യം കവർന്ന തങ്ങൾമാരെ ജനം തിരിച്ചറിയേണ്ടേ? ആ നോവൽ ധാരാളം എതിർപ്പുകൾ ക്ഷണിച്ചുവരുത്തി. എന്നാൽ ഞാൻ അതിലുന്നയിച്ച കാര്യങ്ങൾ ഇന്നേവരെ ആരും നിഷേധിച്ചിട്ടില്ല. അത് സത്യമാണ്! മുസ്ലിം സമുദായത്തെ എതിർത്തുകൊണ്ടാണ്, എനിക്ക് സാഹിത്യത്തിൽ അംഗീകാരം ലഭിച്ചത് എന്നാണെനിക്കെതിരെയുള്ള പ്രധാന ആരോപണം. അത് ശരിയല്ല. പ്രകാശത്തിനുള്ളിലെ ഇരുട്ടിനെയാണ് ഞാൻ ചൂണ്ടിക്കാട്ടിയത്. കലയുടെ ധർമ്മമാണത്.

പഴയതും പുതുതും ഞാൻ കണ്ടു- നാലുലോട്ടവും ഇന്റർനെറ്റും; കാളവണ്ടിയും ജറ്റുവിമാനവും. ഭൂതത്തിന്റെയും ഭാവിയുടെയും ഇടയിലെ ഒരു കണ്ണിയാണ് ഞാൻ. ഞാൻ വർത്തമാനത്തിൽനിന്നുകൊണ്ട് ഭൂതകാലത്തെ ആവിഷ്കരിക്കുന്നു. ഭാവിയിലേയ്ക്ക് പ്രതീക്ഷയോടെ ഉറ്റുനോക്കുന്നു.

തോപ്പിൽ മുഹമ്മദ്മീരാൻ.

## २२. आहार और पौष्टिकता

അല്പഭക്ഷണം ശീലിച്ചവൻ ദീർഘായുസ്സും അമിതഭക്ഷണം ശീലിച്ചവൻ അല്പായുസ്സും ആയിരിക്കുമെന്ന് ഒരു ഇറ്റാലിയൻ പഴമൊഴിയുണ്ട്. ആഹാരമാണ് ആദ്യത്തെ മരുന്ന് എന്നതിൽ തർക്കമില്ല. വയറു നിറയെ ആഹാരം കഴിക്കുന്നവൻ പല്ലുകൊണ്ടു സ്വന്തം ശവക്കുഴി കുഴിക്കുകയാണെന്നു റഷ്യക്കാർ പറയാറുണ്ട്. കാരണം, ഓരോ ദിവസവും ശരീരത്തിനു ചെയ്യേണ്ട ജോലികൾക്കു പോഷകങ്ങൾ കൃത്യമായ അളവിൽ ലഭിക്കേണ്ടതുണ്ട്. അളവ് അമിതമായാലും കുറഞ്ഞുപോയാലും ദോഷം ശരീരത്തിനു തന്നെ. ഒരു അമേരിക്കക്കാരനും ഒരു മലയാളിയും കഴിക്കുന്ന ഭക്ഷണം എത്ര വ്യത്യസ്തമാണ്. പക്ഷേ, രണ്ടുപേരുടേയും ശരീരത്തിനു വേണ്ടത് ഭക്ഷണത്തിൽ നിന്നു ലഭിക്കുന്ന ഒരേ പോഷകങ്ങളാണ്!

ഓരോ പോഷകഘടകങ്ങൾക്കും നിർവഹിക്കാൻ കൃത്യമായ ജോലി ഉണ്ട്. ഒരു പിയാനോയിലെ പല കട്ടകൾ പല രീതിയിൽ സ്വരമുയർത്തിയാലേ ശ്രുതിമധുരമായി സിംഫണി സൃഷ്ടിക്കാനാവൂ. അതുപോലെയാണ് പോഷകങ്ങളുടെ കാര്യത്തിലും.

വ്യത്യസ്തമായ ആഹാരസാധനങ്ങൾ മിതമായ തോതിൽ ശീലിക്കുകയാണ് പോഷകങ്ങൾ കൃത്യമായി ലഭിക്കാനുള്ള വഴി. ഒരു ദിവസം കഴിക്കുന്ന ആഹാരത്തിനു ശരീരത്തിൽ വലിയ വ്യത്യാസങ്ങൾ സൃഷ്ടിക്കാനാവില്ല. പക്ഷേ ഒരേ ഭക്ഷണതാല്പര്യങ്ങൾ വർഷങ്ങളായി തുടരുമ്പോൾ അതിന്റെ പ്രത്യാഘാതങ്ങൾ വളരെയധികമായിരിക്കും. എല്ലാത്തരം ഭക്ഷണങ്ങളും കഴിച്ചാലേ, പോഷകങ്ങൾ ശരിയായി ലഭിക്കൂ. എല്ലാ പോഷകങ്ങളും അടങ്ങിയ ആഹാരസാധനങ്ങളില്ല. അതുകൊണ്ട് പലതരം ആഹാരസാധനങ്ങൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തിയാലേ എല്ലാ പോഷകങ്ങളും ലഭിക്കൂ. സമ്പൂർണ്ണ ആഹാരമെന്നു വിശേഷിപ്പിക്കപ്പെടുന്ന പാലിൽപോലും എല്ലാ പോഷകങ്ങളും അടങ്ങിയിട്ടില്ല.

കഴിക്കുന്നത് ദേഹത്ത് കാണണമെന്നാണു ചൊല്ല്. എന്നാൽ കഴിക്കുന്നതു മാത്രമല്ല ഭക്ഷണം എങ്ങനെ തയ്യാറാക്കുന്നുവെന്നതും ദേഹത്തു കാണാൻ പറ്റുമെന്നു ശാസ്ത്രം. സാധാരണയായി വീടുകളിൽ ചെയ്യുന്ന മുളപ്പിക്കൽ, പുളിപ്പിക്കലും, വേവിക്കലും ഭക്ഷണത്തിന്റെ പോഷകമൂല്യം വർദ്ധിപ്പിക്കുന്നു.

പഴങ്ങൾ, അണ്ടിപ്പരിപ്പ്, സാലഡിനും പച്ചടിക്കും ഉപയോഗിക്കുന്ന പച്ചക്കറികൾ എന്നിവയൊഴിച്ച് മറ്റുമിക്ക ഭക്ഷണവും നമ്മൾ വേവിച്ചാണ് കഴിക്കുന്നത്. പാകം ചെയ്യുമ്പോൾ ഭക്ഷണത്തിന് സ്വാദിഷ്ടമായ നിറവും മണവും ഗുണവും കൈവരുന്നു. വേവിക്കുമ്പോൾ ഭക്ഷണത്തിലെ അപകടകാരികളായ അണുക്കൾ നശിക്കുന്നു. കൂടാതെ പാകം ചെയ്ത ആഹാരം ദഹനശക്തി കൂട്ടുകയും ചെയ്യുന്നുണ്ട്.

## 23. समाज-सेवा

സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിലുള്ളവർ ആരോഗ്യരംഗത്തുകൂടി ശ്രദ്ധപതിപ്പിച്ചാലേ പൊതുജനാരോഗ്യം ഫലവത്താകൂ എന്ന് വിശ്വസിക്കുന്ന ഒരു പൊതുപ്രവർത്തകനാണ് ഞാൻ. ഉയർന്ന ചിന്തയും ലളിതമായ ജീവിതവും (high thinking, low living) നിഷ്ഠയാക്കിയ നേതൃനിര ഇന്ന് നഷ്ടമായിരിക്കുന്നു. ലളിതമായ ചിന്തയും ഉയർന്ന ജീവിതക്രമവും എവിടെയും സ്വാഗതം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ഭാരതത്തിലൊട്ടാകെ സേവനതൽപ്പരത കുറഞ്ഞുവരുന്നതായി കാണാൻ കഴിയും. അധികാരം കൈകളിലില്ലാത്ത കാലത്ത് ജനസേവനം രാഷ്ട്രസേവനമായും സ്വാതന്ത്ര്യത്തെക്കുറിച്ച് മതിപ്പും സന്നദ്ധസേവകരുടെ വിലയും നാം മനസ്സിലാക്കി ആദരിച്ചുപോന്നിരുന്നു. ജനാധിപത്യ സംവിധാനത്തിൽ അധികാരം എല്ലാ രംഗത്തും ഭോഗതൽപരത വളർത്തി. സേവനം പ്രതിഫലം ലഭിക്കാവുന്നതും അധികാരത്തിലേയ്ക്കുള്ള കുറുക്കുവഴിയാണ് ജനസേവനമെന്നുമുള്ള പുതിയ അർത്ഥതലങ്ങൾ സന്നദ്ധസേവനരംഗത്ത് തിരക്ക് വർദ്ധിപ്പിച്ചു. ജനസേവനം നടത്തുന്നവർക്ക് ഉപജീവനത്തിന് നൽകുന്ന പ്രത്യുപകാരമെന്ന നില മാറി അവകാശമായി മാറിയിരിക്കുന്നു. അങ്ങേത്തലം മുതൽ ഇങ്ങേത്തലം വരെയുള്ള ഉദ്യോഗസ്ഥവൃന്ദം തങ്ങൾക്കു ലഭിക്കുന്ന വേതനം ജനസേവനത്തിനുള്ള പ്രതിഫലമാണെന്നും അത് സ്വരൂപിക്കുന്നത് പലതരത്തിൽ ജനങ്ങളിൽ നിന്നുതന്നെയാണെന്നും മറന്നുതുടങ്ങിയിരിക്കുന്നു. മാത്രമല്ല, സേവനത്തിനുപകരം അധികാരത്തിന്റെ കടുത്തമുഷ്ടി അവർക്കുനേരെ പ്രയോഗിക്കാനും ശ്രമിക്കുന്നു. സാധാരണക്കാരന്റെ അജ്ഞത എല്ലായിടത്തും ചൂഷണം ചെയ്യപ്പെടുന്നുവെങ്കിലും ആരോഗ്യമേഖലയിൽ അത് ഗൗരവമായതും ദൂരവ്യാപകവുമായ ഫലങ്ങൾ ഉളവാക്കുമെന്നത് സവിശേഷശ്രദ്ധ അർഹിക്കുന്നു.

ആരോഗ്യമേഖലയിൽ ഏറ്റവും ശക്തമായ ഘടകം ഡോക്ടർ തന്നെയാണ്. സേവനതൽപരരും, സാമൂഹ്യപ്രതിബദ്ധതയുള്ളവരുമായ ഡോക്ടർമാരെ ദൈവദൂതരെപ്പോലെ ഉന്നതസ്ഥാനത്ത് പ്രതിഷ്ഠിച്ചവരാണ് മുൻതലമുറക്കാർ. ഈ നിലയ്ക്ക് മാറ്റം വന്നതും ശ്രദ്ധ ചെലുത്തേണ്ട കാര്യമാണ്.

രണ്ടു ദശാബ്ദക്കാലമായി ഈ രംഗത്തുണ്ടായിട്ടുള്ള മാറ്റങ്ങൾ നോക്കിക്കാണാൻ അവസരം ലഭിച്ച ഒരാളാണ് ഞാൻ. 'ജനാർദ്ദനസേവയെന്നോണം ജനസേവനം' നടത്തുന്ന ഒട്ടുവളരെ മഹദ്‌വ്യക്തികളെയും നിഷ്ക്രിയരായി ദിനചര്യ നടത്തി പ്രതിഫലം പറ്റുന്നവരേയും കണ്ടിട്ടുണ്ട്. കർമ്മോന്മുഖരും ലക്ഷ്യബോധമുള്ള പ്രവർത്തനശൈലി കൈമുതലായുള്ള ഭരണനേതൃത്വത്തെ കണ്ടിട്ടുണ്ട്. തെറ്റുകൾ ചൂണ്ടിക്കാണിച്ചാൽ അർഹതയുള്ള പരിഹാരം യഥാവസരം നടപ്പിലായാൽ അത്തരം തെറ്റുകൾ മേലിൽ ആവർത്തിക്കപ്പെടാതിരിക്കാനും വ്യാപ്തി കുറയ്ക്കാനും കഴിയും.

## 24. चित्रकार का परिचय

വാക്കുകളുടെയോ അവ സൃഷ്ടിക്കുന്ന അർത്ഥങ്ങളുടെയോ ആവശ്യം ഇല്ലാതെ നിലനിൽക്കുന്ന ഒന്നാണ് ചിത്രങ്ങൾ എന്നു വിശ്വസിക്കുന്നു കെ. ദാമോദരൻ. അങ്ങനെയുള്ള ഒരു ചിത്രകാരന്റെ രചനകളെ വാക്കുകളിലൂടെ പരിചയപ്പെടുത്തുക എന്നത് വല്ലാത്ത വൈരുദ്ധ്യമാവും. എങ്കിലും ഋതുഭേദംപോലെ സംഭവ്യമാണ്. ദൈവത്തെ അന്വേഷിച്ചപ്പോൾ പൂത്തുലഞ്ഞ മരംപോലെ ഈ ചിത്രങ്ങൾ മനസ്സിലുലയവേ, ഈ വാക്കുകൾ എന്തിനെ കുറിക്കും? ഒരു വഴി? ദൈവത്തെ 'ഒഴിവാ'യാണ് അറിയുന്നതെങ്കിൽ ആ ഒഴിവിലേക്ക് ഇതു നയിച്ചേക്കാം. ആ 'ഒഴിവി'നെ 'നിറവാ'യ് അറിയുകയും ആ അനുഭവതീവ്രതയിലൂടെ ചിത്രഭേദങ്ങളെന്ന ജീവരൂപികളെ സൃഷ്ടിക്കുകയും ചെയ്യുന്നു ദാമോദരനെന്ന ഈ ചിത്രകാരൻ.

1956-ൽ സാമ്പത്തികശാസ്ത്രത്തിൽ ബിരുദമെടുത്ത ഒരു യുവാവ് ജീവിതത്തിലെ തന്റെ കർമ്മം ചിത്രരചനയാണല്ലോ എന്നു സ്വയം കണ്ടെത്തുന്നു. നാലു ദശകങ്ങളേറെക്കഴിഞ്ഞിട്ടും ആ കണ്ടെത്തലിന്റെ ദൃഢതയും വ്യക്തതയും ഉലയാതെ, പൊടിയേൽക്കാതെ സൂക്ഷിക്കുകയും ചെയ്യുന്നു. കെ. ദാമോദരന്റെ കലയുടെ പ്രധാന സ്വഭാവം ഈ ദൃഢതയും വ്യക്തതയും തന്നെയാണ്. വീട്ടുകാരുടെ എതിർപ്പു വകവയ്ക്കാതെ നല്ലൊരു ജോലി രാജിവച്ച്, കെ.സി.എസ്. പണിക്കരുടെ ശിഷ്യനായി ചിത്രകല പഠിക്കാൻ 1962-ൽ ചേരുമ്പോൾ മദ്രാസ് കോളേജ് ഓഫ് ആർട്സ്, അതിന്റെ ഏറ്റവും പ്രകാശമേറിയ കാലത്തിലൂടെ കടന്നുപോവുകയായിരുന്നു. വിശ്വനാഥൻ (പാരീസ്), ഹരിദാസ്, എസ്.ജി. വാസുദേവ്, കാനായി കുഞ്ഞിരാമൻ, ആദിമൂലം, ജയപാലപ്പണിക്കർ തുടങ്ങിയവർ ദാമോദരന്റെ സഹപാഠികളായി അന്ന് അവിടെയുണ്ടായിരുന്നു. കാറൽ മാർക്സിന്റെ സിദ്ധാന്തങ്ങളിൽ വല്ലാതെ മുഗ്ദ്ധനായിരുന്ന ഈ ചെറുപ്പക്കാരൻ കെ.സി.എസ്സിന്റെ ശിഷ്യരിൽ ഒരു റബൽ ആയിരുന്നു.

52 വയസ്സായ ഒരു സ്ത്രീ. അവർക്കു കലശലായ നെഞ്ചുവേദനയും, കടുത്ത ചുമയും. ചില ചില്ലറ പൊടിക്കൈ മരുന്നുകൾ ഉപയോഗിച്ചിട്ട് രോഗം കുറയുന്നില്ല. വിദഗ്ധ ചികിത്സക്കായി മെഡിക്കൽ കോളേജ് ആശുപത്രിയിൽ നെഞ്ചുരോഗ വിദഗ്ധനെ സമീപിക്കുന്നു. ഡോക്ടർ രോഗിയെ നല്ലവണ്ണം പരിശോധിച്ചശേഷം "നിങ്ങൾ പുകവലിക്കുമോ?" എന്നൊരു ചോദ്യം. സ്ത്രീ പറയുന്നു "അയ്യോ! എന്റെ ജന്മത്തിൽ ഞാൻ സിഗരറ്റോ ബീഡിയോ കൈകൊണ്ടുപോലും തൊട്ടിട്ടില്ല". ഡോക്ടർ ഭർത്താവിനോട് പറയുന്നു. "നിങ്ങൾ പുകവലി നിർത്തണം. ഭാര്യയുടെ ആരോഗ്യത്തിനുവേണ്ടി. പിന്നെ നിങ്ങളുടെ ആരോഗ്യം സംരക്ഷിക്കാനും".

എന്താണ് ഇതിന്റെ കാര്യം? ഭർത്താവ് ഒരു കടുത്ത പുകവലിക്കാരനായിരുന്നു. ആ പുക ഭർത്താവും ഭാര്യയും കൂടി പങ്കിടുകയായിരുന്നു. ഭാര്യയ്ക്ക് പ്രതിരോധ ശക്തി കുറവായിരുന്നതുകൊണ്ട് ആദ്യം രോഗം വന്നുവെന്നു മാത്രം. ഭർത്താവിനു പുറകെ വരും. എന്താണ് രോഗം? ശ്വാസകോശ കാൻസർ! തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ഒരാഴ്ചയിൽ രണ്ടോ മൂന്നോ സ്ത്രീകളെങ്കിലും ഇപ്രകാരം ചികിത്സയ്ക്ക് എത്തുന്നു എന്നു പറഞ്ഞാൽ പ്രശ്നം എത്ര ഗുരുതരമാണെന്ന് പറയേണ്ടതില്ലല്ലോ?

ഗർഭിണിയായ ഭാര്യയെ അടുത്തിരുത്തിക്കൊണ്ട് പുരുഷന്മാർ പുകവലിക്കുന്നത് സാധാരണ കണ്ടുവരുന്ന കാര്യമാണ്. ഈ പുക ഗർഭിണി ശ്വസിക്കുമ്പോൾ അവരുടെ പൊക്കിൾ കൊടി ചുരുങ്ങും. കുട്ടിക്ക് രക്തഓട്ടവും പോഷകങ്ങളുടെ വരവും കുറയും. ഗർഭം അലസിപ്പോകാം. മാസം തികയാതെ പ്രസവിക്കാം. പ്രസവിച്ച കുഞ്ഞിന് ഭാരക്കുറവ്, പ്രതിരോധ ശക്തിക്കുറവ്. അതു കാരണം ആസ്മാ, ഹൃദയസംബന്ധമായ രോഗങ്ങൾ എന്നല്ലാ ബുദ്ധിമാന്ദ്യം വരെ ഉണ്ടാകാം. കൊച്ചു കുട്ടിയെ മടിയിൽ ഇരുത്തി താലോലിച്ചുകൊണ്ട് ഭാര്യയെയും അടുത്തിരുത്തി പുകവലിക്കുന്നതും സർവസാധാരണമാണ്. പുകവലിക്കാരനു മാത്രമല്ല ഭാര്യക്കും കുഞ്ഞിനും പുകവലി കൊണ്ടുണ്ടാകുന്ന ദോഷങ്ങൾ എല്ലാം ഉണ്ടാകും.

സർക്കാരാഫീസിൽ സഹപ്രവർത്തകരുടെ അടുത്തിരുന്ന് പുകവലിക്കുന്നത് പൊതുവാഹനങ്ങളായ ബസ്, ട്രെയിൻ ഇവയിൽ സഹയാത്രികരുടെ അടുത്തിരുന്ന് പുകവലിക്കുന്നത് ഇവയും സാധാരണ കണ്ടുവരുന്ന കാഴ്ചയാണ്. പുകവലി ദോഷം ചെയ്യുമെന്ന് അറിയാമെങ്കിലും പുകവലിക്കാരനോട് പുകവലിക്കരുത് എന്നു പറയാൻ ആരും ധൈര്യപ്പെടാറില്ല. കാരണം അത് വഴക്കിൽ കലാശിച്ചാലോ എന്ന പേടി.

*****





വിജയന്റെ ദർശനം പ്രപഞ്ചകേന്ദ്രിതമാകുന്നതിന്റെ വിശദാംശങ്ങളാണ് 'നുറുങ്ങുകൾ', 'തിരിച്ചുപോക്ക്' എന്നീ കഥകൾ. മനസ്സാന്തരത്തിന്റെ തെളിമയിലൂടെ മുൻകാലത്തിലും ഭാവിയിലും ഭ്രമണം ചെയ്യുന്ന ഒരു കുട്ടിയുണ്ട്, 'നുറുങ്ങുകൾ' എന്ന കഥയിലും. ഇന്നത്തെ ഹരിതകക്ഷിക്കാർക്കും അന്യമായിരുന്ന മുമ്പ് ആണവ ഊർജ്ജത്തിന്റെ പടകുഴിയെക്കുറിച്ച് ദീർഘമായി അവന്റെ മുത്തച്ഛൻ ഉപന്യസിച്ചിരുന്നു. ചെറുപ്പകാലത്ത് അവന്റെ അറിവിലും ശക്തിയിലും ഗർവ്വം കൊണ്ട ആണവശാസ്ത്രജ്ഞനായിരുന്ന അദ്ദേഹം കൂടുതൽ അറിയുന്തോറും വിഷാദവാനായി മാറിയിരുന്നു. അദ്ദേഹമെഴുതി: "ആണവച്ചൂളകൾ വിസർജ്ജിക്കുന്ന ചവറിന്റെ പ്രസരം ശമിക്കാൻ ഇരുപതിനായിരം വർഷമെടുക്കും... [illegible] ആണവശാസ്ത്രജ്ഞന്മാർക്ക് ഗണിക്കാനാവുന്നുള്ളൂ. അത് കഴിഞ്ഞാൽ... സസ്യത്തിന്റെയും മൃഗത്തിന്റെയും അണുക്കൾ പ്രസരമേറ്റ് പിളരുമ്പോഴും സൃഷ്ടിക്ക് അകാലമരണം... മനുഷ്യസമൂഹവും സസ്യപ്രകൃതിയും പ്രസരത്തിൽ കുതിർന്ന് വന്ധ്യമായ പൊടിപടലമായി തീരുന്നത് ഞാൻ കാണുന്നു..." മനുഷ്യവർഗത്തെ ഇത്തരം ദുസ്സ്വപ്നങ്ങളിൽ വിട്ടേച്ചുപോകുന്നതോർത്ത് കുട്ടിയുടെ പൂർവ്വികരുടെ തലമുറകളോരോന്നും വിഷാദത്തിലാണ് ജീവിതാന്ത്യം കഴിച്ചത്. അവന്റെ അച്ഛൻ ശേഖരിച്ച രേഖകളിലൊന്നിൽ ഇങ്ങനെ കണ്ടു: "യന്ത്രത്തിന്റെയും ഉപഭോഗത്തിന്റെയും സൃഷ്ടിയായ രാസപദാർത്ഥങ്ങൾ അന്തരീക്ഷത്തിലൂടെ ഉയർന്ന് ഓസോൺ കവചത്തിൽ വലിയ വിടവുകൾ സൃഷ്ടിക്കുന്നു. ആ വിടവുകളിലൂടെ അൾട്രാവയലറ്റ് പ്രസരങ്ങൾ ഭൂമിയിലേക്ക് പ്രസരിച്ച് ജീവജാലങ്ങൾക്കുമേൽ രോഗവും മരണവും വർഷിക്കുന്നു. ഇതു തിരുത്താനാകില്ല. [illegible] തന്ത്രത്തെയും ശാസ്ത്രത്തെയും ആധുനിക മനുഷ്യസംസ്കാരത്തെയും ഒന്നടങ്കം തിരുത്തണം. മനുഷ്യന്റെ ദുര അതിനു സമ്മതിക്കില്ല. ദുരയുടെ ആകർഷണം മരണത്തെക്കാൾ ശക്തമാണ്..." ഇവിടെ ഗഹനപരിസ്ഥിതിവാദത്തിന്റെ ശക്തമായ ധ്വനികളുണ്ട്. പരിധിവിട്ട വികസനം ഹ്രസ്വകാലത്തെ ആഘോഷമാണ്. തലമുറകളുടെ ദൈർഘ്യത്തിൽ മനുഷ്യവംശത്തിന്റെ നിലനില്പിനെക്കുറിച്ച് ചിന്തിക്കുന്നവരാണ് പരിസ്ഥിതിഹാനിയെക്കുറിച്ച് സംസാരിക്കുന്നത്. അറിവിന്റെ പൂർണ്ണതയാണ് പരിസ്ഥിതിബോധം.